VOL NO: 10 I ISSUE 36

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com
2026 SEPTEMBER 05 I ₹10



# ഫെമിനിസം നിരീശ്വരവാദം ഇസ്‌ലാം

## ആരാണ് പൊതുവിടം സ്വന്തമാക്കുന്നത്?

## പ്രതികാരത്തിന്റെ വാളുകളെ തോൽപിച്ച മാതൃക

## ആർത്തവവിരാമം: സ്ത്രീകളും കുടുംബവും അറിയേണ്ടത്

സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള ലൈംഗിക വിപ്ലവങ്ങളും ആശയപരമായ വടംവലികളും സ്ത്രീയെ കൊണ്ടെത്തിച്ചത് കൂടുതൽ ചൂഷണങ്ങളിലേക്കാണ്. യാന്ത്രികമായ സമത്വമല്ല, മറിച്ച് മനസ്സിന് ശാന്തിയും ജീവിതത്തിന് സുരക്ഷിതത്വവും നൽകുന്ന സ്രഷ്ടാവിന്റെ പ്രകൃതിപര നീതിയാണ് യഥാർഥ വിമോചനം. പാശ്ചാത്യ ഫെമിനിസത്തിന്റെ വിരോധാഭാസങ്ങളെയും അതിന്റെ തദ്ദേശീയ ഇറക്കുമതിയെയും വസ്തുതാപരമായി വിചാരണ ചെയ്യുന്നു.

ഡോ. ആഷിഖ് ഷൗക്കത്ത് ● മുഹമ്മദ് ഫയാസ് നാദാപുരം ● ശമീർ മദീനി




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

# 502

# നേർപഥം വാരിക

2026 സെപ്തംബർ 05
1448 റബീഉൽ അവ്വൽ 23
പുസ്തകം 10 / ലക്കം 36






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





മുഹമ്മദ് ഫയാസ്, നാദാപുരം

സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള ലൈംഗിക വിപ്ലവങ്ങളും ആശയപരമായ വടംവലികളും സ്ത്രീയെ കൊണ്ടെത്തിച്ചത് കൂടുതൽ ചൂഷണങ്ങളിലേക്കാണ്. യാന്ത്രികമായ സമത്വമല്ല, മറിച്ച് മനസ്സിന് ശാന്തിയും ജീവിതത്തിന് സുരക്ഷിതത്വവും നൽകുന്ന സ്രഷ്ടാവിന്റെ പ്രകൃതിപര നീതിയാണ് യഥാർഥ വിമോചനം. പാശ്ചാത്യ ഫെമിനിസത്തിന്റെ വിരോധാഭാസങ്ങളെയും അതിന്റെ തദ്ദേശീയ ഇറക്കുമതിയെയും വസ്തുതാപരമായി വിചാരണ ചെയ്യുന്നു.


**05** മുഖമൊഴി
മതസ്വാതന്ത്ര്യത്തിനുമേൽ കൂച്ചുവിലങ്ങ് വീഴുന്നുവോ?

**06** ലേഖനം
ആരാണ് പൊതുവിടം സ്വന്തമാക്കുന്നത്?
ഡോ. ആഷിഖ് ഷൗക്കത്ത്

**08** അനുഭവപഥം
സ്നേഹത്തിന്റെ നൂലുകൊണ്ട് നെയ്തെടുത്ത സമ്മാനം
ഉസ്മാൻ പി എച്ച് തിരുവിഴാംകുന്ന്

**18** ലേഖനം
പ്രതികാരത്തിന്റെ വാളുകളെ തോൽപിച്ച മാതൃക
ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**22** ആരോഗ്യപഥം
ആർത്തവവിരാമം: സ്ത്രീകളും കുടുംബവും അറിയേണ്ടത്
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**26** ലേഖനം
സ്വഹാബത്തിനെ അധിക്ഷേപിക്കുന്ന ശിയാക്കൾ
ശമീർ മദീനി

**30** നമുക്കുചുറ്റും
ഈ മൗനം അപകടം
അബൂ തൻവീൽ

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
പാറ്റകൾ പഠിപ്പിച്ച പാഠം
സിനി ടി. കെ, മണ്ണാർക്കാട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# കളിയിൽ കാര്യം മറക്കുന്നവർ

വേൾഡ് ഫുട്ബോൾകപ്പ് കൊടിയിറങ്ങി. തുടർന്ന് വന്ന പത്രവാർത്ത; കേരളത്തിൽ പത്തു കോടിയുടെ ജഴ്സി വിറ്റുപോയെന്ന് വസ്ത്ര വ്യാപാരികൾ. ഇന്ന് മലയാളികൾ ആരാധനയുടെ ആകർഷണവലയിലാണ്. മറ്റുള്ളവരെ അന്ധമായി അനുകരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന പ്രവണത എല്ലാ പ്രായക്കാരെയും ബാധിച്ചിരിക്കുന്നു. പണനഷ്ടവും സമയനഷ്ടവും കുടുംബസമാധാനവും നഷ്ടപ്പെടുത്തുന്ന വ്യക്തമായ മാനസിക വിഭ്രാന്തി! (ഇതിന് എതിരഭിപ്രായക്കാരും ഉണ്ടാകാം). പ്രാർഥിക്കാനോ ദിനചര്യകൾ പൂർത്തിയാക്കാനോ ഇവർക്കു കഴിയില്ല. തൊഴിലിലോ ബിസിനസ്സിലോ ശ്രദ്ധിക്കാൻ സമയമില്ല. കൊച്ചുകുട്ടികളിലേക്കും ഈ ഭ്രമം പടരുന്നു. കൂട്ടുകാരിൽനിന്ന് കിട്ടിയതാണെന്നു പറഞ്ഞ് രക്ഷപ്പെടാമെങ്കിലും കുട്ടികൾക്ക് അവരുടെ വീടും മാതാപിതാക്കളും സഹോദരങ്ങളും മറ്റു കുടുംബാംഗങ്ങളും തന്നെയാണ് എല്ലാറ്റിനും പ്രചോദനം.

രാജഭരണക്കാലത്ത് കവികളെയും കലാകാരൻമാരെയും ആദരിക്കുകയും കൊട്ടാരത്തിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുകയും അവർക്ക് പണക്കിഴികൾ സമ്മാനിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതും ജനങ്ങളുടെ നികുതിപ്പണമായിരുന്നു. രാജാവും പ്രജകളും ഹാപ്പി!

കലയ്ക്കുവേണ്ടി തുനിഞ്ഞിറങ്ങി പണവും പദവിയും നഷ്ടപ്പെട്ട് ആത്മഹത്യചെയ്തവർ അനേകം. ആയുധം നഷ്ടപ്പെട്ട നായകന് മുൻബെഞ്ചിലിരുന്ന സിനിമാ പ്രേക്ഷകൻ സ്വന്തം മടിക്കുത്തിൽനിന്ന് കഠാര ഊരി സ്ക്രീനിലേക്ക് എറിഞ്ഞുകൊടുത്ത സംഭവം നടന്നിട്ട് അധികം കാലമായിട്ടില്ല.

മറ്റൊന്നാണ് സ്പോൺസർഷിപ്പ്. തങ്ങളുടെ വരുമാനവും ലക്ഷ്യവും ആലോചിക്കാതെ പൊതു പരിപാടികൾക്ക് സ്പോൺസർ ചെയ്ത് സർപ്രൈസ് ഉണ്ടാക്കുന്നവരും അനേകം. ഒരു സിനിമ കാണുമ്പോഴോ കളി കാണുമ്പോഴോ പ്രേക്ഷകർ ഒഴികെ മറ്റെല്ലാവരും അതിന്റെ ഗുണഭോക്താക്കളാണ്. കാശുകളയാനും കൈയടിക്കാനും മാത്രം പാവം കാണികൾ. ഒരു കളിയിൽ തന്റെ ടീം തോറ്റാൽ പണം മുടക്കി പരിപാടി കണ്ടവന് സംഘാടകർ പണം തിരികെ നൽകുമോ?

വിശുദ്ധ ഖുർആനും പ്രവാചക വചനങ്ങളും നൽകുന്ന താക്കീത് നാം വിസ്മരിച്ചുകൂടാ. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവിനെപ്പറ്റിയുള്ള സ്മരണയിൽനിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്കട്ടെ. ആര് അങ്ങനെ ചെയ്യുന്നുവോ അവർതന്നെയാണ് നഷ്ടക്കാർ" (ഖുർആൻ 63:9).

നബി(സ)യുടെ ഒരു പ്രാർഥന കാണുക: "അല്ലാഹുവേ, കേൾവിയുടെ തിന്മയിൽനിന്നും കാഴ്ചയുടെ തിന്മയിൽനിന്നും ജീവിതത്തിന്റെ താഴ്‌യിൽനിന്നും ഹൃദയത്തിന്റെ തിന്മയിൽനിന്നും പ്രായത്തിന്റെ തിന്മയിൽനിന്നും ഞാൻ നിന്നോടു രക്ഷ തേടുന്നു" (അബൂദാവൂദ്).

നബി(സ) പഠിപ്പിച്ച, നിത്യജീവിതത്തിലെ ഒരു പ്രാർഥനയുടെ സാരം ഇതാണ്: 'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. അവൻ ഏകനാണ്. അവനു പങ്കുകാരില്ല. ആധിപത്യം അവന്നാണ്. അവന്നാണ് സ്തുതി. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്.'

ആരാധനയോടൊപ്പം അനുകരണം കൂടിയായാലോ? ഇപ്പോൾ സ്കൂളുൾ-കോളേജ് ക്യാമ്പസുകളിൽ സിനിമയെ വെല്ലുന്ന റീലുകളാണ് അരങ്ങേറുന്നത്. പത്രങ്ങൾക്കും ചാനലുകാർക്കും സിനിമക്കാർക്കും എഴുത്തുകാർക്കും പൊലിപ്പിച്ചുകൂട്ടാൻ വിഷയങ്ങൾ ഏറെ!

**-ആർ.എം. ഇബ്രാഹിം**

# മതസ്വാതന്ത്ര്യത്തിനുമേൽ കൂച്ചുവിലങ്ങ് വീഴുന്നുവോ?

മതപരിവർത്തന നിരോധന നിയമം ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നിർബന്ധിതം, പ്രലോഭനം പോലുള്ള വാക്കുകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും സ്വമേധയാ മാറാനുള്ള സ്വാതന്ത്ര്യം പോലും തടയുന്ന നിലയ്ക്കുള്ള വ്യവസ്ഥകളാണ് കാണുവാൻ സാധിക്കുന്നത്. ഘർവാപസി എന്ന പേരിട്ടു നടത്തുന്ന മതപരിവർത്തന ചടങ്ങുകൾ നിയമപരവും അല്ലാത്തവ നിയമ വിരുദ്ധവുമാകുന്നതിൽ നിന്നുതന്നെ ബിജെപി സർക്കാറുകൾ ലക്ഷ്യമാക്കുന്നത് എന്താണെന്നു തിരിച്ചറിയാൻ അതിബുദ്ധിയൊന്നും വേണ്ട.

വൈവിധ്യങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ ഭരണഘടന നൽകുന്ന പൗരാവകാശങ്ങൾ ജനാധിപത്യത്തിന്റെ കാതലാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഭരണഘടനയുടെ അനുച്ഛേദം 25 നൽകുന്ന മൗലികാവകാശം.

പൊതുക്രമത്തിനും ധാർമികതക്കും വിധേയമായും ഭരണഘടനയിലെ 3-ാം ഭാഗത്തെ വ്യവസ്ഥകൾക്കു വിധേയമായും എല്ലാ വ്യക്തികൾക്കും തുല്യമായ മനസ്സാക്ഷിസ്വാതന്ത്ര്യവും സ്വതന്ത്രമായി മതത്തിൽ വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടനയുടെ 25-ാം വകുപ്പു നൽകുന്നുണ്ട്. മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിലെ (Universal Declaration of Human Rights) 18-ാം വകുപ്പ് ചിന്താസ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉറപ്പുനൽകിയിരിക്കുന്നു. ഈ അവകാശം ഒരാളുടെ മതം അഥവാ വിശ്വാസം മാറാനുള്ള സ്വാതന്ത്ര്യവും ഒറ്റക്കോ മറ്റുള്ളവരോടൊപ്പം സമൂഹത്തിലോ പരസ്യമായോ സ്വകാര്യമായോ, പ്രബോധനം, അഭ്യസനം, ആരാധന, നിഷ്ഠ എന്നിവയിൽ ഒരാളുടെ മതമോ വിശ്വാസമോ വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യവും ഉറപ്പുതന്നിരിക്കുന്നു. അതുകൊണ്ട് മതസ്വാതന്ത്ര്യം ഉണ്ടായിരിക്കാനുള്ള അവകാശം (The Right to Religious Freedom) ഇന്ത്യയിൽ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള മാനുഷ്യാവകാശമാണ്.

ഭരണഘടനാ നിർമാണവേളയിൽ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലി സ്ഥാപിച്ച ന്യൂനപക്ഷങ്ങൾക്കായുള്ള കമ്മിറ്റി ഇങ്ങനെ ശുപാർശ ചെയ്തു: 'ഇസ്‌ലാം, ക്രിസ്തുമതം എന്നിവപോലുള്ള മതങ്ങൾ പരിവർത്തനവിശ്വാസങ്ങൾ (proselytising faiths) ആയതിനാൽ അവർക്ക് മതം പ്രചരിപ്പിക്കാനുള്ള അവകാശം ഒരു മൗലികാവകാശമായി ഭരണഘടനയിൽ ഉൾപ്പെടുത്തുന്നത് അഭിലഷണീയമായിരിക്കും.'

ബലപ്രയോഗം, വഞ്ചന, പ്രലോഭനം എന്നിവ മൂലമുള്ള മതം മാറ്റമാണ് നമ്മുടെ രാജ്യത്ത് നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നത്. മാനസാന്തരത്തിനു വിധേയനാകാൻ ഒരു വ്യക്തിക്ക് അവകാശമില്ലെന്ന് ഭരണഘടനയോ സുപ്രീംകോടതിയോ പറഞ്ഞിട്ടില്ല. ഒരു മതത്തിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റം രണ്ടു വ്യക്തികൾക്കുള്ള മൗലികാവകാശം നിയമാനുസൃതം പ്രയോഗിക്കുന്നതിന്റെ ഫലമായിട്ടു സംഭവിക്കാം. ഒരു വ്യക്തിക്ക് തന്റെ മതം പ്രചരിപ്പിക്കാനുള്ള മൗലികാവകാശവും മറ്റേ വ്യക്തിക്ക് മനസ്സാക്ഷി സ്വാതന്ത്ര്യവും തനിക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനുമുള്ള അവകാശവും നൽകുന്നു. യഥാർഥവും ആത്മാർഥവുമായ മതപരിവർത്തനത്തിൽ ഒരുവൻ മറ്റൊരുത്തന്റ മതത്തെ ബലംപ്രയോഗിച്ചു മാറ്റുന്നില്ല. ഹൃദയപരിവർത്തനത്തിനു വിധേയനായി സ്വാതന്ത്ര്യത്തോടെ തന്റെ മതത്തിൽനിന്നു മാറുകയും ബോധ്യവും മനസ്സാക്ഷിയുമനുസരിച്ച് പുതിയ മതം സ്വീകരിക്കുകയുമാണു ചെയ്യുന്നത്.

ഒരാൾ മനംമാറ്റത്തിനു വിധേയനാവുകയും സ്വമനസ്സാ മറ്റൊരു മതം സ്വീകരിക്കുകയും ചെയ്യുന്നത് ഇന്ത്യൻ മതനിരപേക്ഷതക്ക് ഒരിക്കലും എതിരല്ല എന്നു വ്യക്തം. ഭരണഘടന അംഗീകരിച്ചിട്ടുള്ള ഈ അവകാശം ഒരു വ്യക്തിക്ക് മനസ്സാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉപയോഗിച്ച് സ്വമനസ്സാലെ തന്റെ മതത്തിൽനിന്നു മാറി പുതിയ ഒരു മതം സ്വീകരിക്കാനുള്ള അവകാശമാണ്. പക്ഷേ, അത്തരം മതപരിവർത്തനം ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ (force, fraud, enticement, inducement)കൊണ്ട് സംഭവിക്കുന്നതായിരിക്കരുത്. അതുകൊണ്ട് ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ മൂലമല്ലാതെ ഏതു മതത്തിലേക്ക് മാറിയാലും നിയമപ്രകാരം എതിർക്കപ്പെടേണ്ടതല്ല. ■




# ആരാണ് പൊതുവിടം സ്വന്തമാക്കുന്നത്?

ഡോ. ആഷിഖ് ഷൗക്കത്ത്

കുറച്ചുദിവസങ്ങൾക്കു മുമ്പാണ് 'അൺമാസ്കിംഗ് അനോമലിസ്' (UA) എന്ന പേരിൽ ഏതാനും മുസ്‌ലിം യുവാക്കൾ കോഴിക്കോട് ബീച്ചിൽ ക്യാമറയും മൈക്കുമായി എത്തിയത്. കറങ്ങാൻ വന്ന ആളുകളോട് സംസാരിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. സാധാരണ സ്ട്രീറ്റ് ഇന്റർവ്യൂകളിൽ കാണാറുള്ളതുപോലെ തന്നെയാണ് അവരും ചെയ്തത്; ആളുകളെ സമീപിച്ച് കുറച്ചു സമയം സംസാരിക്കാമോ എന്ന് ചോദിക്കുന്നു, തുടർന്ന് ചില ചോദ്യങ്ങൾ ഉന്നയിച്ച് അതൊരു ചർച്ചയാക്കി മാറ്റുന്നു.

പരസ്പര സമ്മതത്തോടെയുള്ള സംഭാഷണങ്ങളെക്കാൾ വേഗത്തിൽ അക്രമഭീഷണികളെ എതിർക്കാൻ കഴിയാത്ത ഒരു ലിബറലിസം, തങ്ങൾ യഥാർഥത്തിൽ ഏത് അവകാശത്തിനാണ് വിലകൽപിക്കുന്നതെന്നു വ്യക്തമാക്കുന്നുണ്ട് -അത് തീർച്ചയായും പ്രകടനസ്വാതന്ത്ര്യമല്ല. ഇത് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ മാത്രം വിഷയമായിരുന്നില്ല; മറിച്ച് ആർക്കാണ് സംസാരിക്കാനും ദൃശ്യമാകാനും മൈക്ക് കയ്യിൽ വെക്കാനുമുള്ള അധികാരം എന്ന് നിശ്ശബ്ദമായി തീരുമാനിക്കുന്നതിന്റെ പ്രശ്നമാണ്.

എന്നാൽ അവർ ചോദിച്ച ചോദ്യങ്ങളാണ് വേറിട്ടുനിന്നത്: 'ദൈവം ഉണ്ടോ?,' 'ഇന്നത്തെ ലോകത്ത് മതത്തിന്റെ ആവശ്യമുണ്ടോ?' സംസാരിക്കാൻ താല്പര്യമില്ലാത്തവരെ അവർ നിർബന്ധിച്ചില്ല. സംസാരിച്ചവർ സ്വന്തം ഇഷ്ടപ്രകാരമാണു പങ്കെടുത്തത്. വീഡിയോയിൽ വരാൻ സമ്മതിച്ചവരെ മാത്രമാണു ചിത്രീകരിച്ചത്. ഈ സംഭാഷണങ്ങൾക്കു ശേഷം എല്ലാവരും മടങ്ങി. പിറ്റേ ദിവസം യുട്യൂബിൽ ഇതിന്റെ വീഡിയോകൾ വരികയും ചെയ്തു.

തുടർന്നാണ് ഇതിനെച്ചൊല്ലി വിവാദങ്ങൾ ആരംഭിച്ചത്. പരസ്പര സമ്മതത്തോടെ നടന്ന തികച്ചും സാധാരണമായ ഈ സംഭവത്തെ, 'ഹിന്ദു പെൺകുട്ടികളെ ലക്ഷ്യമിട്ടുള്ള മതപരിവർത്തന മാഫിയ'

എന്ന രീതിയിലാണ് ജനം ടിവി റിപ്പോർട്ടു ചെയ്തത്. ഭൗതികമായി കൈകാര്യം ചെയ്യുമെന്ന ഭീഷണിയുമായി സംഘപരിവാർ പ്രവർത്തകരും രംഗത്തെത്തി. അതേസമയം, ഇത് ഉണ്ടാക്കാവുന്ന പ്രതിച്ഛായാ പ്രശ്നങ്ങളെക്കുറിച്ചും വരാനിരിക്കുന്ന വർഗീയ ധ്രുവീകരണത്തെക്കുറിച്ചും ഓർത്ത് ചില മുസ്‌ലിം വിഭാഗങ്ങളും ആശങ്ക പ്രകടിപ്പിച്ചു.

ആരെയും നിർബന്ധപൂർവം സംസാരിപ്പിച്ചിട്ടില്ല. ആരെയും വഞ്ചിച്ചിട്ടുമില്ല. ആരുടെയും സ്വകാര്യത ലംഘിക്കപ്പെട്ടിട്ടുമില്ല. പിന്നെ എന്താണ് ഈ വിവാദത്തിനു പിന്നിൽ? യഥാർഥത്തിൽ പൊതുസമൂഹത്തിൽ മതത്തിന് എത്രത്തോളം സ്ഥാനമുണ്ട് എന്നതിനെക്കുറിച്ചുള്ള തർക്കമാണിത്.

### സെക്യുലറിസത്തിന്റെ അതിർവരമ്പുകൾ

തലാൽ അസദ് ചൂണ്ടിക്കാണിച്ചതുപോലെ, മതത്തിനു മേലുള്ള അധികാരത്തിന്റെ അഭാവമല്ല സെക്യുലറിസം; മറിച്ച്, ആ അധികാരം എങ്ങനെ പ്രയോഗിക്കണം എന്ന് ചരിത്രപരമായി രൂപപ്പെടുത്തിയെടുത്ത ഒരു രീതിയാണത്. ‘സ്വകാര്യമായ വ്യക്തിവിശ്വാസം’ ഏതാണ്, ‘പൊതുസമൂഹത്തിൽ പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുള്ള പെരുമാറ്റം’ ഏതാണ് എന്ന് അത് ഒരു അതിർവരമ്പ് നിശ്ചയിക്കുകയും, അത് സ്വാഭാവികമായ ഒന്നാണെന്ന മട്ടിൽ കാവൽ നിൽക്കുകയും ചെയ്യുന്നു.

ഈ അളവുകോൽ വെച്ചുനോക്കുമ്പോൾ, ബീച്ചിൽ വെച്ച് ബൈബിളോ ഖുർആനോ കയ്യിൽ പിടിച്ച് അപരിചിതരോട് സംസാരിക്കുന്ന ഒരാൾ സംശയനിഴലിലാകുന്നു. എന്നാൽ അതേ ബീച്ചിൽ വെച്ച് ആളുകളുടെ ലൈംഗികജീവിതത്തെക്കുറിച്ച് ക്യാമറയ്ക്ക് മുന്നിൽ ചോദിക്കുന്ന ഒരാൾക്ക് ആ പ്രശ്നം നേരിടേണ്ടി വരുന്നില്ല. ഇതിലൊന്ന് മറ്റേതിനെക്കാൾ നിർബന്ധിത സ്വഭാവമുള്ളതുകൊണ്ടല്ല ഇത് സംഭവിക്കുന്നത്; മറിച്ച് മതം എന്നത് വ്യക്തിപരവും സ്വകാര്യവുമായ ഒന്നാണെന്ന് നിജപ്പെടുത്തുകയും അതേസമയം വ്യക്തിപരമായ തുറന്നുപറച്ചിലുകളെ ‘ധീരമായ ചോദ്യങ്ങൾ,’ ‘വിലക്കുകളെ ലംഘിക്കൽ’ എന്നൊക്കെ വിശേഷിപ്പിച്ച് പൊതുസമൂഹത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നതു കൊണ്ടാണ്.

ഏതാനും വർഷങ്ങൾക്കു മുമ്പ് യുക്തിവാദി യുട്യൂബർമാർ തങ്ങളുടെ വാർഷിക സമ്മേളനത്തിന്റെ പ്രചാരണാർത്ഥം സമാനമായ സ്ട്രീറ്റ് ഇന്റർവ്യൂകൾ നടത്തിയിരുന്നു. എന്നാൽ അവർ നിശ്ശബ്ദരാക്കപ്പെട്ടില്ല. അതുകൊണ്ടുതന്നെ ഇതൊരിക്കലും അനുമതിയുടെയോ നിരോധനത്തിന്റെയോ പ്രശ്നമല്ല. മിഷേൽ ഫൂക്കോ നിരീക്ഷിച്ചതുപോലെ, ഏത് തരത്തിലുള്ള സംസാരമാണ് പൊതുസമൂഹത്തിൽ സ്വീകാര്യമാകുന്നത് എന്നു തീരുമാനിക്കാനുള്ള അധികാരം ആരുടെ കയ്യിലാണ് എന്നതാണത്. തികച്ചും പരസ്പര സമ്മതത്തോടെ നടന്ന സംഭാഷണമായിരുന്നിട്ടും UA ടീമിന് തങ്ങളുടെ സാന്നിധ്യം ന്യായീകരിക്കേണ്ടി വരികയും അവർ നിശ്ശബ്ദരാക്കപ്പെടുകയും ചെയ്തു. ഈ വിവേചനമാണ് യഥാർഥത്തിൽ നമ്മൾ ചർച്ച ചെയ്യേണ്ടത്.

### തന്ത്രപരമായ ആശങ്കകൾ

‘നമ്മൾ മണ്ടന്മാരായി ചിത്രീകരിക്കപ്പെടും’ എന്ന, മുസ്‌ലിം സമുദായത്തിനുള്ളിലെ ആശങ്ക ഗൗരവമായി എടുക്കേണ്ട ഒന്നല്ല. എന്നാൽ രണ്ടാമത്തെ ആശങ്ക നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്; ഇത് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തെ തകർക്കുമെന്നും എതിരാളികൾക്ക് ആയുധം നൽകുമെന്നും, മുസ്‌ലിം വിദ്വേഷം കൂട്ടുമെന്നുമുള്ള ആശങ്കയാണത്. മുസ്‌ലിമിതര മതേതര സമൂഹവും ഈ ആശങ്ക പങ്കുവെക്കുന്നുണ്ട്.

തത്ത്വാധിഷ്ഠിതമല്ലെങ്കിലും, തന്ത്രപരമായ ഒന്നാണ് ഈ ആശങ്ക. എന്നാൽ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത് ഒരു പഴയ യുക്തിയാണ്: ന്യൂനപക്ഷ മതപ്രകാശനങ്ങളെ, അവ യഥാർഥത്തിൽ എന്താണ് ചെയ്യുന്നത് എന്നതിനെ അടിസ്ഥാനമാക്കിയല്ല വിലയിരുത്തുന്നത്; മറിച്ച് ഭൂരിപക്ഷ സമൂഹം അതിനോട് എങ്ങനെ പ്രതികരിക്കും എന്നതിനെ അടിസ്ഥാനമാക്കിയാണ്. ഇവിടെ ഭൂരിപക്ഷ സമൂഹത്തിലെ ഭൂരിഭാഗം ആളുകളും ശത്രുതാമനോഭാവമുള്ളവരല്ല; വളരെ ചെറിയൊരു വിഭാഗം മാത്രമാണ് അങ്ങനെ. ഒരു ചെറിയ

വിഭാഗം ആളുകളെ പേടിച്ച് മുസ്‌ലിംകൾ പൊതുയിടങ്ങളിൽ സ്വയം പരിമിതികൾ നിശ്ചയിക്കുകയാണെങ്കിൽ, ആ വിലക്കുകൾ നമ്മൾ എവിടെയാണ് അവസാനിപ്പിക്കുക?

**അപകടകരമായ നിശ്ശബ്ദത**

സംഘപരിവാറിന്റെ പ്രതിഷേധത്തിനു പിന്നിൽ 'മതപരിവർത്തനം' എന്ന ആരോപണം ഉയർത്തി അക്രമത്തിന് വഴിമരുന്നിടാനുള്ള ഭീഷണിയാണ്. ഇവിടെയാണ് മതേതര പൊതുസമൂഹത്തിന്റെ പരാജയം വെറുമൊരു വൈരുധ്യമല്ലാതായി മാറുന്നതും അതിക്രമങ്ങൾക്ക് കൂട്ടുനിൽക്കുന്നതിന് തുല്യമാകുന്നതും.

UA ടീമിന് നേരെ കായികമായ ആക്രമണം നടത്താനുള്ള ആഹ്വാനം പരസ്യമായ അക്രമ പ്രചരണമായിരുന്നു. എന്നാൽ മതേതര സമൂഹത്തിന്റെ ഭാഗത്തുനിന്ന് ഇതിനെതിരെ കടുത്ത നിശ്ശബ്ദതയാണ് ഉണ്ടായത്. സംഘപരിവാറിന്റെ അക്രമം നേരിട്ടുള്ളതും ദൃശ്യവുമാണെങ്കിൽ, ഈ നിശ്ശബ്ദത ഉണ്ടാക്കുന്ന അക്രമം വ്യവസ്ഥാപിതമാണ് (Systemic violence).

ദൈനംദിന ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ആരും ശ്രദ്ധിക്കാതെ പോകുന്ന ഒന്നാണ് ഈ വ്യവസ്ഥാപിത അക്രമം. തങ്ങൾക്കു താല്പര്യമുള്ള രാഷ്ട്രീയ നിലപാടുകൾക്ക് കോട്ടം തട്ടാതിരിക്കാൻ, ഭീഷണികളെ ഭീഷണിയായി പേരെടുത്ത് പറയാതിരിക്കുകയും അനുകമ്പ പിൻവലിക്കുകയും ചെയ്യുന്ന രീതിയാണത്. ദൈവത്തെക്കുറിച്ച് സംസാരിക്കാനുള്ള ആഹ്വാനത്തെ വേഗത്തിൽ സെൻസർ ചെയ്യാൻ മുന്നോട്ടുവന്ന മതേതര സമൂഹം, അതിക്രമത്തിനുള്ള പരസ്യമായ ആഹ്വാനങ്ങൾക്കെതിരെ മിണ്ടാതിരുന്നത് ഈ വ്യവസ്ഥാപിത അക്രമത്തിന്റെ ഭാഗമാണ്.

പരസ്പര സമ്മതത്തോടെയുള്ള സംഭാഷണങ്ങളെക്കാൾ വേഗത്തിൽ അക്രമഭീഷണികളെ എതിർക്കാൻ കഴിയാത്ത ഒരു ലിബറലിസം, തങ്ങൾ യഥാർഥത്തിൽ ഏത് അവകാശത്തിനാണ് വില കൽപിക്കുന്നതെന്നു വ്യക്തമാക്കുന്നുണ്ട് -അത് തീർച്ചയായും പ്രകടനസ്വാതന്ത്ര്യമല്ല. ഇത് അഭിപ്രായസ്വാതന്ത്ര്യത്തിന്റെ മാത്രം വിഷയമായിരുന്നില്ല; മറിച്ച് ആർക്കാണ് സംസാരിക്കാനും ദൃശ്യമാകാനും മൈക്ക് കയ്യിൽ വെക്കാനുമുള്ള അധികാരം എന്ന് നിശ്ശബ്ദമായി തീരുമാനിക്കുന്നതിന്റെ പ്രശ്നമാണ്. ■



# സ്നേഹത്തിന്റെ നൂലുകൊണ്ട് നെയ്തെടുത്ത സമ്മാനം

ഉസ്മാൻ പി എച്ച്
തിരുവിഴാംകുന്ന്

പ്രവാസത്തിലെ റമദാൻ രാവുകൾക്ക് പ്രത്യേകമായൊരു ശാന്തതയുണ്ട്. പകൽ മുഴുവൻ നീളുന്ന ജോലിത്തിരക്കുകൾ കഴിഞ്ഞ് താമസസ്ഥലത്തെ പള്ളിയിലെത്തുമ്പോൾ രാത്രി ഒരുപാടു വൈകാറുണ്ട്. പള്ളിയിലെ വലിയ ലൈറ്റുകളൊക്കെ അണച്ച്, ആളൊഴിഞ്ഞ ശാന്തമായ ആ സമയത്ത് പ്രാർഥനയ്ക്കായി ഒന്നോ രണ്ടോ പേർ മാത്രമാണ് ഉണ്ടാവാറുള്ളത്.

ഒരു റമദാൻ കാലത്താണ് പള്ളിയുടെ ഒരു കോണിൽ എപ്പോഴും പ്രാർഥനാനിമഗ്നനായി ഇരിക്കുന്ന ആ പാകിസ്ഥാനി വയോധികനെ ഞാൻ ശ്രദ്ധിക്കുന്നത്. പിന്നെ പരിചയത്തിലായി. എപ്പോൾ കണ്ടാലും പിശുക്കില്ലാതെ ചിരിക്കുന്ന നിഷ്കളങ്കമായ മുഖമായിരുന്നു അദ്ദേഹത്തിന്റെത്. കാണുമ്പോഴൊക്കെ മനസ്സിലെ വ്യാകുലതകളെ അലിയിച്ചുകളയുന്ന ആ വൃദ്ധനെ ഞാൻ സ്നേഹത്തോടെ 'ചാച്ചാ' എന്നു വിളിക്കാൻ തുടങ്ങി.

അങ്ങനെയിരിക്കെ ഒരു രാത്രി പ്രാർഥന കഴിഞ്ഞ് പള്ളിയിൽനിന്ന് ഇറങ്ങാൻ നേരത്ത് ചാച്ച എന്റെ അടുത്തേക്ക് നടന്നുവന്നു. ആ മുഖത്ത് പതിവില്ലാത്ത ഒരു വിഷമവും ആശങ്കയും നിഴലിച്ചിരുന്നു. വിറയ്ക്കുന്ന ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു: 'മകനേ, നാട്ടിൽ എന്റെ മകന് തീരെ സുഖമില്ല... ഞാൻ നാളെ നാട്ടിലേക്ക് പോവുകയാണ്. സഹായിക്കാൻ കഴിയുന്ന എന്തെങ്കിലും തന്ന് എന്നെ ഒന്ന് സഹായിക്കാമോ?'



നാട്ടിലെ മകനെയോർത്ത് ആവലാതിപ്പെടുന്ന ആ പിതാവിന്റെ കണ്ണുകൾ നിറയുന്നതു കണ്ടപ്പോൾ കൂടുതലൊന്നും ചോദിക്കാതെയും ആലോചിക്കാതെയും പോക്കറ്റിലുണ്ടായിരുന്ന ചെറിയൊരു തുക ഞാൻ അദ്ദേഹത്തിന്റെ കൈകളിൽ വച്ചുകൊടുത്തു. 'ഇൻശാ അല്ലാഹ്, എല്ലാം ശരിയാകും, ഞാൻ പ്രാർഥിക്കാം, എനിക്കു വേണ്ടിയും പ്രാർഥിക്കണം' എന്നു പറഞ്ഞ് ആശ്വസിപ്പിച്ച് ഞാൻ യാത്ര പറഞ്ഞിറങ്ങി.

പിന്നീടാണ് ഞാൻ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയുന്നത്. ഒട്ടും സമയം വെറുതെ കളയാൻ ഇഷ്ടപ്പെടാത്ത, അധ്വാനത്തിന്റെ മഹത്ത്വം സ്വന്തം ജീവിതം കൊണ്ട് കാണിച്ചുകൊടുക്കുന്ന ഒരു കഠിനാധ്വാനിയാണ് അദ്ദേഹം! കമ്പനിയിലെ ജോലി കഴിഞ്ഞുള്ള ഒഴിവുസമയങ്ങളിൽ അദ്ദേഹം ചെരുപ്പുകൾ റിപ്പയർ ചെയ്യുകയും കൈകൾകൊണ്ട് അതിമനോഹരമായ ചെരുപ്പുകൾ ഉണ്ടാക്കുകയും ചെയ്യും. സമയം വെറുതെ കളയാതെ അധ്വാനിക്കുന്ന ആ കൈകളിൽ ജീവിതത്തോടുള്ള വലിയൊരു പോരാട്ടമുണ്ടായിരുന്നു.

നാട്ടിലേക്ക് പോയ ചാച്ച മകന്റെ അസുഖമൊക്കെ മാറി തിരിച്ചുവന്നോ എന്ന് പള്ളിയിൽ പോകുമ്പോഴൊക്കെ ഞാൻ ആലോചിക്കാറുണ്ടായിരുന്നു. ദിവസങ്ങൾ അങ്ങനെ കടന്നുപോയി. ഒരു ദിവസം അപ്രതീക്ഷിതമായി പള്ളിയുടെ കോണിപ്പടിയിൽ വെച്ച് ആ മുഖം വീണ്ടും എന്റെ മുന്നിലെത്തി! എന്നെ കണ്ട മാത്രയിൽ ആ വയോധികന്റെ മുഖം പ്രസന്നമായത് ഞാൻ ശ്രദ്ധിച്ചു. ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ച ശേഷം അദ്ദേഹം മകന്റെ അസുഖമൊക്കെ ഭേദമായെന്ന് സന്തോഷത്തോടെ പറഞ്ഞു.

'നാളെ സുബ്ഹി നമസ്കാരത്തിന് നീ പള്ളിയിൽ വരുമല്ലോ?' അദ്ദേഹം ചോദിച്ചു. 'ഇൻ ശാ അല്ലാഹ്, ഉണ്ടാകും ചാച്ചാ' ഞാൻ മറുപടി നൽകി.

'എന്നാൽ നാളെ നമസ്കാരം കഴിഞ്ഞ് നമുക്കൊന്ന് കാണണം' എന്നു പറഞ്ഞ് അയാൾ ഇറങ്ങി നടന്നു.

പറഞ്ഞതുപോലെ തന്നെ അടുത്ത ദിവസം സുബ്ഹി നമസ്കാരം കഴിഞ്ഞ് ഞാൻ പുറത്തിറങ്ങിയപ്പോൾ ചാച്ച എന്നെയും കാത്തു നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു സമ്മാനപ്പൊതിയുണ്ടായിരുന്നു. അത് അദ്ദേഹം എനിക്കു നേരെ നീട്ടി.

സന്തോഷത്തോടെ അവിടെവച്ചുതന്നെ ഞാൻ അതു തുറന്നു; അത്ഭുതത്തോടെ അതിലേക്കു നോക്കിനിന്നു. അയാൾ സ്വന്തം കൈകൾകൊണ്ട് തുന്നിയുണ്ടാക്കിയ അതിമനോഹരമായ ഒരു ജോഡി പുതിയ ചെരുപ്പുകളായിരുന്നു അതിലുണ്ടായിരുന്നത്!

ഞാൻ വിസ്മയത്തോടെ അതിലേക്കു നോക്കവെ അയാളുടെ കണ്ണുകൾ സന്തോഷംകൊണ്ട് നിറയുന്നുണ്ടായിരുന്നു. മകന് സുഖമില്ലാതിരുന്ന ആ പ്രയാസഘട്ടത്തിൽ നൽകിയ ചെറിയൊരു സഹായത്തിന്, അയാൾ നൽകിയ സമ്മാനം, ഉറക്കമിളച്ച് സ്വന്തം കൈകൾകൊണ്ട് നിർമിച്ച ചെരുപ്പുകൾ.

ചില ബന്ധങ്ങൾ അങ്ങനെയാണ്; സ്നേഹത്തിനുമപ്പുറം മനുഷ്യത്വത്തിന്റെ വലിയൊരു കടലായി അത് നമ്മെ പൊതിഞ്ഞുനിൽക്കും, രാജ്യങ്ങളുടെ അതിരുകളോ ഭാഷയുടെ വേലിക്കെട്ടുകളോ ഇല്ലാതെ. ആ പാകിസ്ഥാനി ചാച്ചയുടെ കൈകൾ എനിക്കായി തുന്നിയെടുത്ത ഈ ചെരുപ്പുകൾ ജീവിതത്തിൽ എനിക്കു കിട്ടിയ ഏറ്റവും പ്രിയപ്പെട്ട സ്നേഹസമ്മാനമാണ്. ■




# ഫെമിനിസം, നിരീശ്വരവാദം, ഇസ്‌ലാം

മുഹമ്മദ് ഫയാസ്, നാദാപുരം

ആധുനിക കാലത്ത് മുസ്‌ലിം സ്ത്രീകൾ പാരമ്പര്യ മതാധ്യാപനങ്ങളും സമകാലിക പാശ്ചാത്യ അജണ്ടകളും തമ്മിലുള്ള വലിയൊരു ആശയപരമായ വടംവലിയ്ക്കിടയിലാണ് ജീവിക്കുന്നത്. ഒരുവശത്ത് സ്രഷ്ടാവു കൽപിച്ച ഇസ്‌ലാമിക നിയമങ്ങളോടുള്ള പ്രതിബദ്ധത; മറുവശത്ത് ഫെമിനിസം, നിരീശ്വരവാദം തുടങ്ങിയ വിവിധ പ്രലോഭനങ്ങളും പരീക്ഷണങ്ങളും. ഇതിനു പുറമെ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഉയർന്നുവരുന്ന പുരുഷാധിപത്യ സ്വഭാവമുള്ള പുരുഷന്മാരുടെ പെരുമാറ്റ രീതികളും സ്ത്രീകളെ അസ്വസ്ഥരാക്കുന്നുണ്ട്. ഫെമിനിസ്റ്റുകളാ

**സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള ലൈംഗിക വിപ്ലവങ്ങളും ആശയപരമായ വടംവലികളും സ്ത്രീയെ കൊണ്ടെത്തിച്ചത് കൂടുതൽ ചൂഷണങ്ങളിലേക്കാണ്. യാന്ത്രികമായ സമത്വമല്ല, മറിച്ച് മനസ്സിന് ശാന്തിയും ജീവിതത്തിന് സുരക്ഷിതത്വവും നൽകുന്ന സ്രഷ്ടാവിന്റെ പ്രകൃതിപര നീതിയാണ് യഥാർഥ വിമോചനം. പാശ്ചാത്യ ഫെമിനിസത്തിന്റെ വിരോധാഭാസങ്ങളെയും അതിന്റെ തദ്ദേശീയ ഇറക്കുമതിയെയും വസ്തുതാപരമായി വിചാരണ ചെയ്യുന്നു.**

കട്ടെ ഇസ്‌ലാമിലെ സ്ത്രീകളുടെ പദവിയെക്കുറിച്ച് നിരന്തരം സംശയങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. ഈ പരീക്ഷണങ്ങളുടെ മധ്യത്തിൽ സത്യം തിരയുന്ന ഓരോ പെൺകുട്ടിക്കും വ്യക്തമായ വഴികാട്ടിയാകാൻ ഈ വിഷയങ്ങളെക്കുറി ച്ചുള്ള ആഴത്തിലുള്ളതും വസ്തുതാപരവുമായ വിശകലനം അനിവാര്യമാണ്.

### പാശ്ചാത്യ ഫെമിനിസത്തിന്റെ ഉത്ഭവം

പാശ്ചാത്യ രാജ്യങ്ങളിൽ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് അടിത്തറയിട്ടത് ഫ്രഞ്ച് എഴുത്തുകാരിയായ സിമോൺ ഡി ബൊവൊ (Simone de Beauvoir) ആണ്. അവരുടെ 'ദി സെക്കൻഡ് സെക്സ്' (The Second Sex) എന്ന പുസ്തകം 'ഫെമിനിസത്തിന്റെ ബൈബിൾ' എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. എന്തുകൊണ്ടാണ് ഇത്തരമൊരു പ്രസ്ഥാനം പടിഞ്ഞാറൻ രാജ്യങ്ങളിൽ ഉണ്ടായതെന്നു മനസ്സിലാക്കാൻ അവിടുത്തെ ചരിത്രപരമായ പശ്ചാത്തലം പരിശോധിക്കണം.

സിമോൺ ഡി ബൊവൊ വളർന്നത് സ്ത്രീവിരുദ്ധത അതിന്റെ അത്യുന്നതിയിൽ നിന്ന ഒരു പാശ്ചാത്യ-ക്രിസ്തീയ സംസ്കാരത്തിലായിരുന്നു. യൂറോപ്പിലെ ചർച്ചിന്റെ ഏറ്റവും വലിയ പണ്ഡിതന്മാരിൽ ഒരാളായ ജോൺ ക്രിസോസ്റ്റം (John Chrysostom) പഠിപ്പിച്ചത് 'സ്ത്രീയെക്കാൾ ഉപദ്രവകാരിയായ മറ്റൊരു മൃഗത്തെയും നിങ്ങൾ കണ്ടെത്തുകയില്ല' എന്നാണ്.

പ്രമുഖ കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ തോമസ് അക്വിനാസ് (Thomas Aquinas) വാദിച്ചത് സ്ത്രീകൾ പുരുഷന്മാരെക്കാൾ താഴ്ന്നവരാണെന്നാണ്. ബൈബിളിലെ സഭാപ്രസംഗകന്റെ പുസ്തകത്തിൽ (Book of Ecclesiastes) പറയുന്നു: 'സ്ത്രീ മരണത്തെക്കാൾ കൈപ്പുള്ളവളാണ്.' ജ്ഞാനോദയത്തിന്റെ (Enlightenment) പയനിയറായ ജീൻ-ജാക്വസ് റൂസ്സോ (Jean-Jacques Rousseau) അക്ഷരാർഥത്തിൽ പറഞ്ഞത്'സ്ത്രീകൾഅറിവിനോ ജ്ഞാനത്തിനോ ഒട്ടും അനുയോജ്യരല്ല' എന്നാണ്. സിമോൺ ഡി ബൊവൊ തന്റെ പുസ്തകം ആരംഭിക്കുന്നതുതന്നെ പൈതഗോറസിന്റെ പ്രശസ്തമായ ഒരു ഉദ്ധരണിയിലൂടെയാണ്: 'ഒരു നല്ല തത്ത്വമുണ്ട്, അതു പുരുഷനെ സൃഷ്ടിച്ചു... ഒരു ചീത്ത തത്ത്വമുണ്ട്, അതു സ്ത്രീയെ സൃഷ്ടിച്ചു.'

ഇത്തരമൊരു ജീർണിച്ച സംസ്കാരത്തോടുള്ള കടുത്ത പ്രതികരണമായിരുന്നു ഡി ബൊവൊയുടെ ഫെമിനിസം. തന്മൂലം അവർ പുരുഷനെ വെറുത്തു, വിവാഹത്തെയും വീടിനെയും വെറുത്തു, ഒരു സ്ത്രീയായിരിക്കുന്നതിനെത്തന്നെ വെറുത്തു. എന്നാൽ പ്രായോഗിക ജീവിതത്തിൽ അവർ വലിയ വൈരുധ്യങ്ങളിലാണു ജീവിച്ചത്. സ്ത്രീകളെ 'ശക്തയും സ്വതന്ത്രയുമാകൂ, പുരുഷന്മാർക്ക് കീഴ്പ്പെടാൻ നിങ്ങൾ ബാധ്യസ്ഥരല്ല' എന്നു പ്രകോപിപ്പിച്ച അവർ, സ്വന്തം ജീവിതത്തിൽ കാമുകന്മാർക്ക് പൂർണമായി കീഴ്പ്പെടാനാണ് ആഗ്രഹിച്ചത്. നെൽസൺ ആൽഗ്രെൻ (Nelson Algren) എന്ന അമേരിക്കൻ കാമുകന് അവർ എഴുതിയ 600 പ്രണയലേഖനങ്ങൾ ഫ്രഞ്ച് ഭാഷയിൽ ലഭ്യമാണ്. അതിലൊന്നിൽ അവർ ഇങ്ങനെ കുറിച്ചു: 'ഞാൻ അനുസരണയുള്ളവളായിരിക്കും! ഞാൻ വീട് അടിച്ചുവാരാം, ഞാൻ പാത്രങ്ങൾ കഴുകാം, നിനക്ക് ഇഷ്ടമില്ലാത്തതൊന്നും ഞാൻ ചെയ്യില്ല!' കൂടുതൽ അത്ഭുതകരമായ കാര്യം, അസ്തിത്വവാദ തത്ത്വചിന്തകനായ ജീൻ പോൾ സാർത്രിന്റെ (Jean-Paul Sartre) രണ്ടാമത്തെ വെപ്പാട്ടിയാകാൻ സിമോൺ ഡി ബൊവൊ സമ്മതിച്ചു എന്നതാണ്!

വെപ്പാട്ടിയാകാൻ അവർ സമ്മതി ക്കുകയും പ്രായോഗികമായി ബഹുഭാര്യത്വം (Polygamy) അംഗീകരിക്കുകയും ചെയ്തു എന്നതാണ്. 'മൂന്നു ദിവസം എനിക്കും മൂന്നു ദിവസം ആദ്യത്തെവൾക്കും' എന്നതായിരുന്നു അവരുടെ കരാർ. മാത്രമല്ല, താൻ ജോലി ചെയ്തിരുന്ന സ്കൂളിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ സാർത്രിന്റെ ലൈംഗിക ആവശ്യങ്ങൾക്കായി എത്തിച്ചുകൊടുത്തതിന്റെ പേരിൽ അവർ അധ്യാപനത്തിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു.

പാശ്ചാത്യരാജ്യങ്ങളിൽ ഫെമിനിസത്തിന് നേതൃത്വം നൽകിയത് പുറമേക്ക് സിമോൺ ഡി ബൊവെയായിരുന്നു; എന്നാൽ മുഴുവൻ ഫെമിനിസ്റ്റ് പദ്ധതിയുടെയും പ്രേരകശക്തിയും പദ്ധതികൾ തയ്യാറാക്കിയതും സിമോൺ ഡി ബൊവെയുടെ കാമുകനും അസ്തിത്വവാദ തത്ത്വചിന്തയുടെ (Existential philosophy) സ്ഥാപകനുമായ ജീൻ പോൾ സാർത്ര് (Jean Paul Sartre) ആയിരുന്നു!

അയാൾ പറഞ്ഞു: 'ഞാനൊരു കാമഭ്രാന്തനല്ല; ഞാൻ അഗമ്യഗമനം നടത്തുന്നവനാണ് (Promiscuous).' 'അഗമ്യഗമനം' (Incest) എന്നത് വിവാഹബന്ധത്തിലോ ലൈംഗികബന്ധത്തിലോ ഏർപ്പെ ടാൻ പാടില്ലാത്തവിധം അടുത്ത രക്തബന്ധമുള്ളവർ തമ്മിലുള്ള (ഉദാഹരണത്തിന്: മാതാപിതാക്കളും മക്കളും, സഹോദരങ്ങളും സഹോദരിമാരും) ലൈംഗിക ബന്ധമാണ്.

'ഞാൻ അധമനായൊരു തെമ്മാടിയാണ്' എന്ന് അയാൾ തുറന്നു പ്രഖ്യാപിച്ചിട്ടുണ്ട്! സാർത്ര് തന്നെക്കുറിച്ച് ഇങ്ങനെയും പറഞ്ഞു: 'സ്ത്രീകളുമായി അമിതമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ട തുമൂലം എന്റെ ഹൃദയം അറപ്പുകൊണ്ട് നിറഞ്ഞിരിക്കുന്നു!' ഫെമിനിസം കൊണ്ടുവന്നത് സിമോൺ ഡി ബൊവെയുടെ വീട്ടിൽ താമസിച്ചിരുന്ന ഒരു ആൺചെന്നായയായിരുന്നു എന്നു സാരം.

എഴുപതാം വയസ്സിൽ സാർത്രിന് കാഴ്ച നഷ്ടപ്പെടുകയും പ്രമേഹവും പ്രമേഹം മൂലമുള്ള വ്രണങ്ങളും ബാധിക്കുകയും ചെയ്തു. ഈ പ്രായത്തിലും അയാൾക്ക് ആറു വെപ്പാട്ടികളുണ്ടായിരുന്നു. ഇരുവരുടെയും ജീവിതത്തെക്കുറിച്ച് ഗവേഷണം നടത്തി പുസ്തകമെഴുതിയ ഹാസൽ റൗളിയാണ് ഇതു പറഞ്ഞത്!

വിവാഹം എന്നത് പുരുഷാധിപത്യപരമാണെന്നും എന്നാൽ കാമുകൻ ഒരു പോരാളിയാണെന്നും സാർത്ര് സിമോൺ ഡി ബൊവെയെ ബോധ്യപ്പെടുത്തി. സാർത്രിനെ സേവിക്കാൻ ഒരു ക്രിസ്ത്യൻ വേലക്കാരിയുണ്ടായിരുന്നു. ഈ വൃദ്ധന്റെ യുവത്വലീലകളുടെ അഴുക്കുകൾ കണ്ട് ആ വേലക്കാരി വീട്ടിൽനിന്ന് ഓടിപ്പോവുകയാണുണ്ടായത്! പ്രബുദ്ധതയുടെ വക്താക്കൾ ഫെമിനിസ്റ്റുകളെ ബോധ്യപ്പെടുത്തിയത് സ്ത്രീയുടെ ശരീരം ഒരു വിപ്ലവമാണെന്നും നഗ്നത പുരുഷന്മാരെ പ്രകോപിപ്പിക്കുകയും അസ്വസ്ഥരാക്കുകയും ചെയ്യുമെന്നും അതിനാൽ അവരെ കൂടുതൽ കൂടുതൽ പ്രകോപിപ്പിക്കണമെന്നുമാണ്! ആൺചെന്നായ്ക്കൾ അപ്പോൾ ദൂരെ മാറിനിന്നു ചിരിക്കുകയായിരുന്നു! നമ്മൾ ബോധവൽക്കരണത്തിന്റെ ഒരു യുദ്ധത്തിലാണ്! ഈ ലോകത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടരെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്. ഫെമിനിസ്റ്റ് പദ്ധതിയെ ഈ ലോകത്തിലെ ഏറ്റവും അപകടകരമായ പദ്ധതിയായിട്ടാണ് ഞാൻ കണക്കാക്കുന്നത്!

**മനുഷ്യന് തന്റെ സഹജമായ സ്വഭാവത്തെ (ഫിത്റത്ത്) പൂർണമായും മാറ്റാൻ കഴിയില്ല. ഫെമിനിസം മനുഷ്യന്റെ സഹജസ്വഭാവത്തിനു വിരുദ്ധമാണ്! അല്ലാഹു പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ച പ്രകൃതിക്ക് അതു വിരുദ്ധമാണ്. സ്ത്രീയുടെ ഹൃദയത്തിൽ പുരുഷന്റെ സ്ഥാനവും പുരുഷന്റെ ഹൃദയത്തിൽ സ്ത്രീയുടെ സ്ഥാനവും അല്ലാഹുവിന് നന്നായറിയാം.**

മനുഷ്യന് തന്റെ സഹജമായ സ്വഭാവത്തെ (ഫിത്റത്ത്) പൂർണമായും മാറ്റാൻ കഴിയില്ല. ഫെമിനിസം മനുഷ്യന്റെ സഹജസ്വഭാവത്തിനു വിരുദ്ധമാണ്! അല്ലാഹു പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ച പ്രകൃതിക്ക് അതു വിരുദ്ധമാണ്. സ്ത്രീയുടെ ഹൃദയത്തിൽ പുരുഷന്റെ സ്ഥാനവും പുരുഷന്റെ ഹൃദയത്തിൽ സ്ത്രീയുടെ സ്ഥാനവും അല്ലാഹുവിന് നന്നായറിയാം.

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവ

ന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ...” (ഖുർആൻ 30:21).

ഈ സ്നേഹവും കാരുണ്യവും പരസ്പരം പ്രകടിപ്പിച്ച് ജീവിക്കുന്ന ദാമ്പത്യമാണ് സംതൃപ്തവും മനോഹരവുമായത്. അങ്ങനെയുള്ളവരടങ്ങിയ സമൂഹമാണ് മാനസികമായി ആരോഗ്യകരമായ സമൂഹം. അതിനാൽ, സിമോൺ ഡി ബൊവെയുമായോ അവരുടെ (പാശ്ചാത്യ) സമൂഹങ്ങളുമായോ നമുക്ക് യാതൊരു ബന്ധവുമില്ല.

### ഇസ്‌ലാമിൽ സ്ത്രീയുടെ പദവി

പാശ്ചാത്യ സ്ത്രീവിരുദ്ധ ചിന്തകൾക്ക് വിരുദ്ധമായി ഇസ്‌ലാം സ്ത്രീക്ക് അധികാരവും ആദരവും സുരക്ഷിതത്വവും നൽകുന്നു. ഒരു സ്ത്രീയുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്ത് അവൾക്കെതിരെ വ്യഭിചാരക്കുറ്റം ആരോപിക്കുന്ന വ്യക്തിക്ക് എൺപത് അടി ശിക്ഷ ഇസ്‌ലാം വിധിക്കുന്നു: “ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും, എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർതന്നെയാകുന്നു അധർമകാരികൾ” (ഖുർആൻ 24:4).

ഒരു സ്ത്രീയെ ഒരു വാക്കുകൊണ്ട് ദ്രോഹിച്ചതിനാണ് ഈ കടുത്ത ശിക്ഷയും ആക്ഷേപവും! ലോകത്ത് ഇങ്ങനെയൊരു നിയമം വേറെ ഏതെങ്കിലും മതത്തിലോ ഇസത്തിലോ ഉണ്ടോ?



രണ്ടു പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിച്ചു വളർത്തുന്നവന് പുനരുത്ഥാന നാളിൽ പ്രവാചകനോടൊപ്പം ചേർന്നുനിൽക്കാനുള്ള പദവി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു!

മനുഷ്യരിൽ ഏറ്റവും നല്ല പെരുമാറ്റത്തിന് അർഹതയുള്ള വ്യക്തിയായി ഇസ്‌ലാം പിതാവിനെക്കാൾ മൂന്നുമടങ്ങ് മുൻഗണന നൽകിയത് മാതാവിനാണ് (ബുഖാരി, മുസ്‌ലിം).

പ്രായമാകുമ്പോൾ സ്ത്രീകളെ നഴ്സിംഗ് ഹോമുകളിലേക്ക് തള്ളുന്ന പാശ്ചാത്യരീതിയെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നതിന്റെയും അവരുടെ പ്രീതി നേടുന്നതിന്റെയും പുണ്യവും പ്രതിഫലവും ഇസ്‌ലാം പഠിപ്പിക്കുന്നതുകൊണ്ടാണ് വൃദ്ധസദനങ്ങളിൽ മുസ്‌ലിം സമുദായത്തിലെ വൃദ്ധമാതാപിതാക്കളുടെ എണ്ണം നാമമാത്രമാകുന്നത്.

### വഞ്ചനയുടെ ചരിത്രം

ഇന്റർനെറ്റ് നമ്മുടെ വീടുകളിൽ എത്തുന്നതിനു മുമ്പ്, ഫെമിനിസ്റ്റുകൾ ഈ വാദങ്ങൾ ഉന്നയിച്ച് ലോകരെ വിഡ്ഢികളാക്കുകയായിരുന്നു! പീഡനങ്ങൾ ഏറ്റവും കൂടുതൽ നിലനിൽക്കുന്നതും ബലാത്സംഗങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നതും ഇസ്‌ലാമിക സമൂഹങ്ങളിലാണെന്നും അവർ പറഞ്ഞു പ്രചരിപ്പിച്ചു. മുസ്‌ലിം പുരുഷന്മാർ ബഹുഭാര്യത്വത്തെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നതെന്നും അവർ ആരോപിച്ചു. എന്നാൽ ഇന്റർനെറ്റ് വ്യാപകമാവുകയും സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുവാൻ സാധിക്കുകയും

**പാശ്ചാത്യ സ്ത്രീവിരുദ്ധ ചിന്തകൾക്ക് വിരുദ്ധമായി ഇസ്‌ലാം സ്ത്രീക്ക് അധികാരവും ആദരവും സുരക്ഷിതത്വവും നൽകുന്നു. ഒരു സ്ത്രീയുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്ത് അവൾക്കെതിരെ വ്യഭിചാരക്കുറ്റം ആരോപിക്കുന്ന വ്യക്തിക്ക് എൺപത് അടി ശിക്ഷ ഇസ്‌ലാം വിധിക്കുന്നു. ഒരു സ്ത്രീയെ ഒരു വാക്കുകൊണ്ട് ദ്രോഹിച്ചതിനാണ് ഈ കടുത്ത ശിക്ഷയും ആക്ഷേപവും! ലോകത്ത് ഇങ്ങനെയൊരു നിയമം വേറെ ഏതെങ്കിലും മതത്തിലോ ഇസത്തിലോ ഉണ്ടോ?**

ചെയ്തപ്പോൾ, നമ്മൾ ഏറ്റവും വലിയ കള്ളപ്രചാരണത്തിന്റെ ഇരകളായിരുന്നുവെന്ന് കണ്ടെത്താനായി.

പീഡനങ്ങൾ ഏറ്റവും കൂടുതൽ നിലനിൽക്കുന്നത് ഫെമിനിസ്റ്റ് സമൂഹങ്ങളിലാണ്. സിമോൺ ഡി ബൊവെയുടെ ജന്മനാടും ജ്ഞാനോദയത്തിന്റെ കേന്ദ്രവുമായ ഫ്രാൻസിലെ പീഡനനിരക്ക് 35% ആണ്! യൂറോപ്യൻ യൂണിയനിലെ ശരാശരി 31% ആണ്. ആരും അവിടെ പീഡകരിൽനിന്ന് സുരക്ഷിതരല്ല! അമേരിക്ക, ബ്രിട്ടൻ, ജർമനി, സ്വീഡൻ എന്നിവയാണ് ബലാത്സംഗങ്ങളുടെ ആഗോള പട്ടികയിൽ മുൻപന്തിയിലുള്ളത്.

'ബ്രിട്ടീഷ് നാഷണൽ സർവേ ഓഫ് സെക്ഷ്വൽ ആറ്റിറ്റിയൂഡ്സ് ആൻഡ് ലൈഫ് സ്റ്റൈൽസ്' അവിടുത്തെ ഒരു ശരാശരി പുരുഷന് ജീവിതത്തിൽ ശരാശരി 14.14 ലൈംഗിക പങ്കാളികളുള്ളതായി (Lifetime sexual partners) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാശ്ചാത്യർ മുസ്‌ലിംകളുടെ നിയമപരമായ ബഹുഭാര്യത്വത്തെ വിമർശിക്കുമ്പോൾ, അവർ പ്രായോഗികമായി അനവധി സ്ത്രീകളുമായി അവിഹിത ബന്ധത്തിൽ ഏർപ്പെടുന്നു. ഫെമിനിസം സ്ത്രീയെ പുരുഷന്മാരുടെ ലൈംഗിക കാമനകൾ തീർക്കാനുള്ള ഒരു വില കുറഞ്ഞ ചരക്കാക്കി മാറ്റുകയാണ് ചെയ്യുന്നത് എന്നു വ്യക്തം.

ഈജിപ്ഷ്യൻ ഇടതുപക്ഷ ഫെമിനിസ്റ്റായിരുന്ന അർവ സാലിഹ് (Arwa Saleh) 1997ൽ ആത്മഹത്യ ചെയ്യുന്നതിനു മുമ്പ് എഴുതിയ വാക്കുകൾ ശ്രദ്ധേയമാണ്: 'സ്ത്രീകളുടെ വിമോചനം എന്നത് അവരെ സ്വന്തമാക്കാനുള്ള ഏറ്റവും വിലകുറഞ്ഞ മാർഗമാണ്' (Cheapest way/Easy tool for sexual exploitation).

### ലൈംഗിക വിപ്ലവത്തിന്റെ യഥാർഥ ഗുണഭോക്താക്കൾ ആര്?

ഫെമിനിസവും ലൈംഗിക വിപ്ലവവും (Sexual Revolution) സ്ത്രീകൾക്ക് യഥാർഥ വിമോചനം ഉറപ്പുനൽകി എന്ന പരമ്പരാഗത അവകാശവാദത്തെ കൺസർവേറ്റീവ് ചിന്തകയായ 'കാരി ലൂക്കാസ്' (Carrie Lukas)ശക്തമായി ചെറുക്കുന്നു. പരമ്പരാഗത സാമൂഹിക വ്യവസ്ഥയിൽ ഒരു സ്ത്രീയുമായുള്ള ബന്ധം പുരുഷന് വിവാഹം, കുടുംബം, സുരക്ഷ എന്നീ ഉത്തരവാദിത്തങ്ങൾ നിർബന്ധമാക്കിയിരുന്നു. എന്നാൽ ലൈംഗിക സ്വാതന്ത്ര്യത്തിന്റെ വക്താക്കൾ കൊണ്ടുവന്ന 'കാഷ്വൽ സെക്സ്' (Casual sex) സംസ്കാരം, പുരുഷന്മാരെ ഇത്തരം സാമൂഹിക-കുടുംബ ഉത്തരവാദിത്തങ്ങളിൽനിന്ന് പൂർണമായി ഒഴിവാക്കുകയാണു ചെയ്തത്.

യാതൊരുവിധ പ്രതിബദ്ധതയുമില്ലാതെ സ്ത്രീകളെ താൽക്കാലിക ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന പുരുഷന്മാരെ, 'വിഴുങ്ങാൻ കാത്തുനിൽക്കുന്ന ചെന്നായ്ക്കൾ' എന്നാണ് ലൂക്കാസ് വിശേഷിപ്പിക്കുന്നത്. ലൈംഗിക വിമോചനം എന്ന പേരിൽ യഥാർഥത്തിൽ സംഭവിച്ചത് ഇത്തരം അവിശ്വസ്തവും ഉത്തരവാദിത്തമില്ലാത്തതുമായ പുരുഷ പ്രവണതകളെ സമൂഹം 'സാധാരണവത്കരിക്കുക' (Normalize) മാത്രമായിരുന്നു എന്ന് അവർ വ്യക്തമാക്കുന്നു.

ഫെമിനിസം സ്ത്രീയെ യുവാക്കൾക്ക് സൗജന്യമായ ഒരു ഭക്ഷണമായി നൽകി! പുരുഷൻ തനിക്ക് ആവശ്യമുള്ളത് നേടുന്നു, അവൾ ഗർഭിണിയായിരിക്കുമ്പോഴോ പ്രസവവേദന അനുഭവിക്കുമ്പോഴോ അവളുടെ ചെലവുകളിലോ കുട്ടിയെ വളർത്തുന്നതിലോ അവൻ അവളെ സഹായിക്കുന്നില്ല! ഈ യുദ്ധത്തിൽ വിജയിച്ചത് സ്ത്രീയോ അതോ പുരുഷനോ?

പ്രബുദ്ധതയുടെ പേരിൽ, ഒരു കപ്പ് ചായയുടെ വിലയ്ക്ക് സ്ത്രീ തന്റെ ശരീരം ചെന്നായ്ക്കൾക്ക് സൗജന്യമായി നൽകുന്ന അവസ്ഥയാണ് അവിടെയുള്ളത്. അവൾ ഗർഭിണിയാകുമ്പോൾ പുരുഷൻ

അവളെ ഉപേക്ഷിച്ചുപോകുന്നു. ഇതിന്റെ ഫലമായി 2024ൽ മാത്രം ലോകത്ത് 41 ദശലക്ഷം (4.1 കോടി) ഭ്രൂണങ്ങളാണ് ഗർഭച്ഛിദ്രത്തിലൂടെ (Abortion) കൊലചെയ്യപ്പെട്ടത്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരവും പ്രതിവർഷം ലോകത്ത് ഏകദേശം 7.3 കോടിയോളം ഗർഭച്ഛിദ്രങ്ങൾ നടക്കുന്നുണ്ട്. കുഞ്ഞുങ്ങളെ കൊല്ലുന്നതിനു പകരം തെരുവിൽ നിക്ഷേപിക്കാൻ 'ബേബി ബോക്സുകൾ' സ്ഥാപിക്കേണ്ടിവരുന്ന ദയനീയ അവസ്ഥയിലേക്ക് പാശ്ചാത്യലോകം അധഃപതിച്ചു.

'മുസ്‌ലിം പുരുഷന്മാർ ഒന്നിലധികം വിവാഹം കഴിക്കുന്നു' എന്ന് ഫെമിനിസ്റ്റുകൾ ആക്ഷേപിക്കുന്നു; അതേ സമയം അവർ ഒന്നിലധികം ലൈംഗിക പങ്കാളികളുമായി വ്യഭിചാരത്തിൽ ഏർപ്പെടുന്നു.

മതം സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു എന്നു പറഞ്ഞ് നിരീശ്വരവാദികളായി മാറിയ നിരവധി പെൺകുട്ടികളുണ്ട്. ശരിയാണ്, മതം സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു; ഒപ്പം പുരുഷന്മാരുടെ സ്വാതന്ത്ര്യത്തെയും നിയന്ത്രിക്കുന്നു. തക്‌ലീഫിന്റെ (മതപരമായ ബാധ്യത) അടിസ്ഥാനം തന്നെ സ്വന്തം ഇച്ഛകളെ (Whims) നിയന്ത്രിക്കുക എന്നതാണ്! ഇച്ഛകൾ നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. ഇതിന്മേലാണ് പ്രതിഫലവും ശിക്ഷയും നിലകൊള്ളുന്നത്.

"എന്നാൽ ആര് പരിധി ലംഘിക്കുകയും ഐഹികജീവിതത്തിന് മുൻഗണന നൽകുകയും ചെയ്തുവോ, തീർച്ചയായും നരകംതന്നെയാണ് (അവന്റെ) പാർപ്പിടം. എന്നാൽ തന്റെ നാഥന്റെ മുന്നിൽ നിൽക്കേണ്ടിവരുന്നതിനെ ഭയപ്പെടുകയും സ്വന്തം മനസ്സിനെ തന്നിഷ്ടങ്ങളിൽനിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ, തീർച്ചയായും സ്വർഗം തന്നെയാണ് (അവന്റെ) പാർപ്പിടം" (ഖുർആൻ 79:37-41).

അപ്പോൾ, തക്‌ലീഫ് എന്നാൽ തിന്മ നിറഞ്ഞ ആഗ്രഹങ്ങളിൽനിന്ന് സ്വയം വിലക്കി നിർത്തലാണ്. "അതിനാൽ നീ കൽപിക്കപ്പെട്ടതുപോലെ നേരെ നിലകൊള്ളുക..." (11:112). സ്വന്തം ഇഷ്ടപ്രകാരമല്ല!

ഒന്നുകിൽ മതം, അല്ലെങ്കിൽ നിരീശ്വരവാദം. മൂന്നാമതൊരു വഴിയില്ല. നിരീശ്വരവാദം സ്ത്രീക്ക് അവളുടെ അവകാശങ്ങൾ നൽകുന്നുണ്ടോ? അതൊരു സുരക്ഷിത താവളമാണോ?

നമ്മൾ മതത്തെ മാറ്റിവച്ചാൽ 'സ്ത്രീ' എന്ന വാക്കിന്റെ അർഥം എന്താണെന്നുപോലും അറിയാൻ കഴിയില്ല! നിരീശ്വരവാദ ലോകത്ത് 'സ്ത്രീ' എന്നൊന്നില്ല, പകരം 'ഒരു മനോഹരമായ മൃഗം' മാത്രമേയുള്ളൂ! 'സ്ത്രീ' എന്ന പദം കേവലം മാംസവും രക്തവുമടങ്ങിയ ഒരു ശരീരത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്, മറിച്ച് ഭൗതിക ലോകത്തിനപ്പുറമുള്ള ഒരു മെറ്റാഫിസിക്കൽ (Metaphysical) അസ്തിത്വത്തെ ക്കൂടിയാണ്. ഇത് ഈ ഭൗതികവാദ-നിരീശ്വരവാദ ലോകത്തിന്റെതല്ലാത്ത ഒരു വാക്കാണ്!

നിരീശ്വരവാദപരമായി, നമ്മൾ വന്നത് ഒരു കാട്ടിൽനിന്നാണ്, അത് സത്യമാണോ അല്ലയോ? മനുഷ്യപരിണാമത്തിന്റെ (Homo evolution)) ഗോവണിയുടെ ഏറ്റവും താഴെയാണ് സ്ത്രീയുടെ സ്ഥാനം! 19ാം നൂറ്റാണ്ടിൽ ചാർൾസ് ഡാർവിൻ പരിണാമ സിദ്ധാന്തം അവതരിപ്പിക്കുന്ന കാലഘട്ടത്തിൽ, അന്നത്തെ

**പ്രബുദ്ധതയുടെ പേരിൽ, ഒരു കപ്പ് ചായയുടെ വിലയ്ക്ക് സ്ത്രീ തന്റെ ശരീരം ചെന്നായ്ക്കൾക്ക് സൗജന്യമായി നൽകുന്ന അവസ്ഥയാണ് അവിടെയുള്ളത്. അവൾ ഗർഭിണിയാകുമ്പോൾ പുരുഷൻ അവളെ ഉപേക്ഷിച്ചുപോകുന്നു. ഇതിന്റെ ഫലമായി 2024ൽ മാത്രം ലോകത്ത് 41 ദശലക്ഷം (4.1 കോടി) ഭ്രൂണങ്ങളാണ് ഗർഭച്ഛിദ്രത്തിലൂടെ (Abortion) കൊലചെയ്യപ്പെട്ടത്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരവും പ്രതിവർഷം ലോകത്ത് ഏകദേശം 7.3 കോടിയോളം ഗർഭച്ഛിദ്രങ്ങൾ നടക്കുന്നുണ്ട്. കുഞ്ഞുങ്ങളെ കൊല്ലുന്നതിനു പകരം തെരുവിൽ നിക്ഷേപിക്കാൻ 'ബേബി ബോക്സുകൾ' സ്ഥാപിക്കേണ്ടിവരുന്ന ദയനീയ അവസ്ഥയിലേക്ക് പാശ്ചാത്യലോകം അധഃപതിച്ചു.**

**സമത്വവും (Equality) നീതിയും (Justice) തമ്മിൽ വ്യത്യാസമുണ്ട്! ഈ രീതിയിലുള്ള സമത്വം സ്ത്രീയോട് ചെയ്യുന്ന അനീതിയാണ്! ഇത് സ്ത്രീയുടെ സവിശേഷതകളെ ഇല്ലാതാക്കലാണ്. അത് അവളുടെ സഹജമായ പ്രകൃതിക്ക് വിരുദ്ധമാണ്. ഇസ്‌ലാം പഠിപ്പിക്കുന്നത് യാന്ത്രികമായ സമത്വമല്ല; പ്രകൃതിപരമായ 'നീതി'(Justice)യാണ്. പുരുഷ-സ്ത്രീ മസ്തിഷ്കങ്ങളുടെ ഘടനയും സ്വഭാവവും തികച്ചും വ്യത്യസ്തമാണ്. സ്ത്രീയുടെ മസ്തിഷ്കം സഹതാപം (Empathy), വികാരങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും വിധത്തിലുള്ളതാണ്. പുരുഷന്റെതാകട്ടെ വിശകലനപരമായ (Analytical) പ്രവർത്തനങ്ങൾക്കു കൂടുതൽ ശേഷിയുള്ളതാണ്.**

വിക്ടോറിയൻ യൂറോപ്യൻ സമൂഹത്തിൽ നിലനിന്നിരുന്ന സ്ത്രീവിരുദ്ധതയും വംശീയ ചിന്തകളും ശാസ്ത്രീയ നിഗമനങ്ങളെപ്പോലും സ്വാധീനിച്ചിരുന്നു. വേട്ടയാടലിലും യുദ്ധങ്ങളിലുമുള്ള ഇടപെടൽ മൂലം പുരുഷന്മാരിലാണ് പ്രകൃതിനിർധാരണം (Natural Selection) കൂടുതൽ ശക്തമായി നടന്നതെന്നും, അതിനാൽ പുരുഷന്മാർ മാനസികമായും ശാരീരികമായും കൂടുതൽ വികാസം പ്രാപിച്ചവരാണെന്നുമുള്ള വ്യക്തിപരമായ ചില വംശീയ/സാംസ്കാരിക മുൻവിധികളിലേക്ക് ഡാർവിൻ എത്തിച്ചേർന്നിരുന്നു.

ചാൾസ് ഡാർവിൻ പറഞ്ഞത്, സ്ത്രീക്കുമേൽ പുരുഷന് അനുകൂലമായുള്ള വലിയ വ്യത്യാസം എപ്പോഴും അവനെ സ്ത്രീയെക്കാൾ ഉയർന്ന സ്ഥാനത്ത് നിർത്തുന്നു എന്നാണ്.

"ഫ്രാൻസിലെ പാരീസിലുള്ള വികസിതരായ പുരുഷന്മാരുടെ തലച്ചോറിന്റെ അളവിനെക്കാൾ ഗൊറില്ലകളുടെ തലച്ചോറിനോട് അടുത്തതാണ് സ്ത്രീകളുടെ തലച്ചോർ... ഈ അപകർഷത വളരെ വ്യക്തമാണ്, ആർക്കും ഇതിനെ എതിർക്കാൻ കഴിയില്ല... ഈ പരുഷവും വംശീയവുമായ സംസാരത്തിന് ഞാൻ ക്ഷമ ചോദിക്കുന്നു!"

കഴിഞ്ഞ നൂറ്റാണ്ടിലെ പരിണാമ സിദ്ധാന്തത്തിലെ ഏറ്റവും പ്രശസ്തനായ ഗുസ്താവ് ലെ ബോൺ (1879) റിപ്പോർട്ട് ചെയ്തതാണിത്.

ഒരാൾ മതത്തിൽനിന്ന് അകന്നുപോയാൽ, അയാൾ സ്വന്തത്തെത്തന്നെ വിഡ്ഢിയാക്കുകയാണ് ചെയ്യുന്നത്. "സ്വയം മൂഢനാക്കിയവനല്ലാതെ ആരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക?" (ക്വുർആൻ 2:130).

എന്നാൽ മതത്തിനുള്ളിൽ, സ്ത്രീകൾ പുരുഷന്മാരുടെ തുല്യപകുതികളാണ് (Twin halves). ആത്മാവ്, പവിത്രത, ധാർമിക ഉത്തരവാദിത്തങ്ങൾ എന്നിവയിൽ സ്ത്രീയെന്നും പുരുഷനെന്നും തരംതിരിവുകളില്ല. ഒരാളുടെ അസ്തിത്വം പൂർണമാകുന്നത് മറ്റൊരാളിലൂടെയാണ്. ഒരേ ഉറവിടത്തിൽ നിന്നും പുറപ്പെട്ട് പരസ്പരം പൂർത്തിയാക്കാൻ നിയോഗിക്കപ്പെട്ട തുല്യ ഘടകങ്ങളാണ് ഇരുവരും. ജീവിതയാത്രയിൽ പുരുഷന്റെ ഉയർച്ചതാഴ്ചകളിൽ അവനൊപ്പം നിൽക്കുന്നവളാണ് സ്ത്രീ.

'നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്,' 'ജനങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്' തുടങ്ങിയ നബിവചനങ്ങൾ സ്ത്രീക്ക് ഇസ്‌ലാം നൽകുന്ന പരിഗണന വ്യക്തമാക്കുന്നു.

വിവാഹത്തെക്കുറിച്ച് ക്വുർആൻ പറഞ്ഞത് 'അവർ (സ്ത്രീകൾ) നിങ്ങളിൽനിന്ന് ശക്തമായ കരാർ വാങ്ങിയിരിക്കുന്നു' (4:21) എന്നാണ്. 'അവരോട് നിങ്ങൾ നല്ല നിലയിൽ വർത്തിക്കുക' എന്നും ക്വുർആൻ (4:19) കൽപിക്കുന്നു.

നിരീശ്വരവാദപരമായി, പ്രൊഫസർ റിച്ചാർഡ് ഡോക്കിൻസ് 'ദ സെൽഫിഷ് ജീൻ' എന്ന പുസ്തകത്തിൽ അവതരിപ്പിച്ചത് ജീവശാസ്ത്രത്തിലെ 'ജീൻ-കേന്ദ്രീകൃത പരിണാമ സിദ്ധാന്തം' (Gene centered view of evolution) ആണ്. അതിൽ അദ്ദേഹം പറഞ്ഞു: "എല്ലാ ജീവജാലങ്ങളും (മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, ബാക്ടീരിയകൾ) ജീനുകൾക്ക് തലമുറകളിലേക്ക് കൈമാറപ്പെടാൻ വേണ്ടിയുള്ള കേവലം 'വാഹനങ്ങൾ' അല്ലെങ്കിൽ 'പാത്രങ്ങൾ' (Survival Machines / Vehicles)മാത്രമാണ്.'

ഈ കാഴ്ചപ്പാട് പടിഞ്ഞാറൻ രാജ്യങ്ങളിലെ കുടുംബ വ്യവസ്ഥയെ തകർത്തു. 'എനിക്ക് സൗജന്യമായി ലൈംഗിക കാമനകൾ തീർക്കാൻ ഇടമുള്ളപ്പോൾ ഞാൻ എന്തിനാണ് വിവാഹം കഴിക്കുന്നത്' എന്നു ജനങ്ങൾ ചിന്തിച്ചു. അതിനാൽ, ഭൂരിഭാഗം കുട്ടികളും വിവാഹബാഹ്യ ബന്ധത്തിലാണ് ജനിക്കുന്നത്! ഇത് സ്ത്രീയുടെ സഹജമായ പ്രകൃതിയെ ആദരിക്കലാണോ? പുരുഷൻ ലൈംഗികബന്ധത്തിൽ ഏർപ്പെട്ട് സ്ത്രീയെ ഉപേക്ഷിച്ചു പോകുന്നു. അവൾ എല്ലാ ഉത്തരവാദിത്തങ്ങളും തന്റെ ചുമലിലേറ്റുന്നു! പരമ്പരാഗത കുടുംബം, ഭർത്താവ്, ഭാര്യ, കുട്ടികൾഎന്ന ആശയം പടിഞ്ഞാറൻ രാജ്യങ്ങളിൽ മിക്കവാറും ഒരു മ്യൂസിയം സംസ്കാരമായി മാറിയിരിക്കുന്നു! സ്ത്രീയെക്കുറിച്ചുള്ള പുരുഷന്റെ കാഴ്ചപ്പാടിന്റെ ഫലമാണിത്!

### സമത്വവും നീതിയും തമ്മിലുള്ള വ്യത്യാസം

എല്ലാ കാര്യങ്ങളിലും പുരുഷനും സ്ത്രീയും തമ്മിൽ പൂർണസമത്വം (Equality) സ്ഥാപിക്കണമെന്ന വാദം സ്ത്രീയോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണ്. സമത്വവും (Equality) നീതിയും (Justice) തമ്മിൽ വ്യത്യാസമുണ്ട്! ഈ രീതിയിലുള്ള സമത്വം സ്ത്രീയോട് ചെയ്യുന്ന അനീതിയാണ്! ഇത് സ്ത്രീയുടെ സവിശേഷതകളെ ഇല്ലാതാക്കലാണ്. അത് അവളുടെ സഹജമായ പ്രകൃതിക്ക് വിരുദ്ധമാണ്.

ഇസ്‌ലാം പഠിപ്പിക്കുന്നത് യാന്ത്രികമായ സമത്വമല്ല; പ്രകൃതിപരമായ 'നീതി'(Justice)യാണ്. പുരുഷ-സ്ത്രീ മസ്തിഷ്കങ്ങളുടെ ഘടനയും സ്വഭാവവും തികച്ചും വ്യത്യസ്തമാണ്. സ്ത്രീയുടെ മസ്തിഷ്കം സഹതാപം (Empathy), വികാരങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും വിധത്തിലുള്ളതാണ്. പുരുഷന്റെതാകട്ടെ വിശകലനപരമായ (Analytical) പ്രവർത്തനങ്ങൾക്കു കൂടുതൽ ശേഷിയുള്ളതാണ്. ഇതുകൊണ്ടാണ് ഭൗതികശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ 225 ശാസ്ത്രജ്ഞരിൽ 5 പേർ മാത്രം സ്ത്രീകളായതും, നഴ്സിംഗ് രംഗത്ത് 90% സ്ത്രീകളും എൻജിനീയറിങ് രംഗത്ത് 90% പുരുഷന്മാരുമുള്ളതും. ഇത് സ്ത്രീകളുടെ അപകർഷതയല്ല, മറിച്ച് പ്രകൃതിപരമായ സവിശേഷതയാണ്.



സുസെയ്ൻ വെങ്കർ (Suzanne Venker) പറഞ്ഞു: 'പുരുഷൻ ചെയ്യുന്ന അതേ ജോലി ചെയ്യാനും അതേ ചുമതലകൾ നിർവഹിക്കാനും ഞാൻ സ്ത്രീയെ നിർബന്ധിക്കുമ്പോൾ, ഞാൻ അവളെ സന്തോഷം കുറഞ്ഞവളാക്കി മാറ്റുകയാണ് ചെയ്യുന്നത്. അവളുടെ മാനസികാവസ്ഥ തകരും! അവളുടെ സവിശേഷതകൾ നശിക്കും! അവളുടെ സഹജപ്രകൃതി ഇല്ലാതാകും!'

മനുഷ്യന്റെ വൈകാരികലോകവും യുക്തിബോധവും പരസ്പരം ഇഴചേർന്നിരിക്കുന്നത് എങ്ങനെയെന്നത് മനഃശാസ്ത്രത്തിലെ കൗതുകമുണർത്തുന്ന ഒരു വിഷയമാണ്. പ്രശസ്ത ഈജിപ്ഷ്യൻ മനോരോഗവിദഗ്ധൻ പ്രൊഫസർ അഹ്‌മദ് ഉകാഷ ചൂണ്ടിക്കാണിക്കുന്നതു പോലെ, പുരുഷനും സ്ത്രീയും തങ്ങളുടെ വികാരങ്ങളെയും യുക്തിയെയും സമീപിക്കുന്നതിൽ മൗലികമായ ചില വ്യത്യാസങ്ങളുണ്ട്.

*(അവസാനിച്ചില്ല)*



# പ്രതികാരത്തിന്റെ വാളുകളെ തോൽപിച്ച മാതൃക

ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

മനുഷ്യത്വം കേവലം വാക്കുകളിൽ മാത്രം ഒതുങ്ങുകയും സ്വാർഥത കൊടുമ്പിരികൊള്ളുകയും ചെയ്യുന്ന വർത്തമാനകാലത്ത്, ഹൃദയങ്ങളെ പിടിച്ചുലയ്ക്കുന്ന ഒരു വാർത്ത സൗദി അറേബ്യയിൽ നിന്നും പുറത്തുവന്നു. ഒരുപിടി കണ്ണീരും അതിലേറെ ചിന്തയും അതിലുപരി അല്ലാഹുവിന്റെ പ്രതിഫലത്തിലുള്ള അചഞ്ചലമായ വിശ്വാസവും തുളുമ്പിനിൽക്കുന്നതാണ് ആ സംഭവം.

**ഭൗതികവാദത്തിന്റെ വരണ്ട മരുഭൂമിയിൽ കാരുണ്യത്തിന്റെയും വിശ്വാസത്തിന്റെയും പച്ചപ്പുകൾ ഇനിയും ബാക്കിയുണ്ട്. പ്രതികാരത്തിന്റെ തീക്കനലുകൾ എരിയുന്ന ഹൃദയങ്ങളിൽ ക്ഷമയുടെ തണുത്ത മഞ്ഞുതുള്ളികൾ വർഷിക്കാൻ ഇസ്‌ലാമിന് ഇന്നും സാധിക്കുന്നു. മൂർച്ചയേറിയ വാൾത്തലപ്പിന്റെ നിഴലിൽ നിന്നും ആ കൊലയാളിക്ക് ലഭിച്ച ഈ രണ്ടാം ജന്മം, ആ കുടുംബത്തിനു മാത്രമല്ല, ലോകത്തെ മുഴുവൻ മനുഷ്യർക്കും ഒരു വലിയ പാഠമാണ്.**

തന്റെ മകനെ ക്രൂരമായി കൊലപ്പെടുത്തിയ യുവാവായ കൊലയാളി പരസ്യമായ വധശിക്ഷ ഏറ്റുവാങ്ങാൻ ഇനി കേവലം 15 മണിക്കൂറുകൾ മാത്രം ബാക്കി. നിയമം അതിന്റെ എല്ലാ വഴികളും പൂർത്തിയാക്കിക്കഴിഞ്ഞു. പ്രതികാരത്തിന്റെ വാൾ ഏതുനിമിഷവും കൊലയാളിയുടെ കഴുത്തിൽ പതിക്കാം. കൊല്ലപ്പെട്ട മകന്റെ കുടുംബത്തിന് വേണമെങ്കിൽ ആ മരണക്കാഴ്ച കണ്ടു ഹൃദയം തണുപ്പിക്കാമായിരുന്നു. അല്ലെങ്കിൽ, കോടാനുകോടി റിയാലുകൾ ബ്ലഡ് മണി വാങ്ങി ആഡംബര ജീവിതം നയിക്കാമായിരുന്നു. എന്നാൽ, അവിടെയാണ് ഖഹ്താൻ ഗോത്രത്തിലെ, കാരുണ്യവും ആഭിജാത്യവുമുള്ള ആ പിതാവ് ലോകത്തിനുതന്നെ മാതൃകയായത്.

അദ്ദേഹം നേരെ പോയത് തന്റെ മകന്റെ ജീവനെടുത്ത കൊലയാളിയുടെ വീട്ടിലേക്കാണ്. അവിടെ കൂടിനിന്ന ബന്ധുക്കളുടെയും അധികാരികളുടെയും മുന്നിൽ ആ വൃദ്ധനായ പിതാവ് തലയുയർത്തിപ്പിടിച്ചുനിന്നുകൊണ്ട് പ്രഖ്യാപിച്ചു: 'എന്റെ മകന്റെ ജീവനു പകരമായി കോടിക്കണക്കിന് റിയാലുകൾ എനിക്ക് വാഗ്ദാനം ചെയ്യപ്പെട്ടു. എന്നാൽ, എന്റെ മകന്റെ രക്തത്തിന് വിലയിടാൻ ഈ ഭൗതിക ലോകത്തിലെ ഒരു സാമ്രാജ്യത്തിനും കഴിയില്ല. അതിനു ഭൗതികമായ യാതൊരു മൂല്യവുമില്ല. അതു കൊണ്ടുതന്നെ, യാതൊരുവിധ പ്രതിഫലവും വാങ്ങാതെ, കേവലം അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് ഞാൻ ആ കൊലയാളിക്ക് ഇതാ പൂർണമായി മാപ്പുനൽകിയിരിക്കുന്നു!'

പ്രതികാരത്തിന്റെ കനലുകൾ എരിഞ്ഞിരുന്ന ആ അന്തരീക്ഷം പെട്ടെന്നു നിശ്ശബ്ദമായി. അവിടെ കൂടിയിരുന്നവരുടെ കണ്ണുകൾ ഈറനണിഞ്ഞു. 15 മണിക്കൂറിനപ്പുറം ശ്വാസം നിലയ്ക്കേണ്ടിയിരുന്ന ഒരു മനുഷ്യന്, ഒരൊറ്റ വാക്കുകൊണ്ട് ആ പിതാവ് ജീവിതം തിരിച്ചുകൊടുത്തു! ഇതു കേവലമൊരു മാപ്പുനൽകലല്ല; മറിച്ച് മനുഷ്യത്വത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും പരലോക വിശ്വാസത്തിന്റെയും ഏറ്റവും ഉൽകൃഷ്ടമായ ആവിഷ്കാരമാണ്.

ഇസ്‌ലാമിക ശരീഅത്തിന്റെ യഥാർഥ സൗന്ദര്യത്തെയാണ് ഈ സംഭവം വ്യക്തമാക്കിത്തരുന്നത്. ഇസ്‌ലാമിലെ 'ഖിസാസ്' അഥവാ പ്രതികാരത്തിനുള്ള നിയമപരമായ അവകാശമെന്നത് കേവലം ചോരക്കു ചോര എന്ന നിയമമല്ല. മറിച്ച്, സമൂഹത്തിൽ സമാധാനം നിലനിർത്താനുള്ള കൃത്യമായ അതിർവരമ്പാണത്. എന്നാൽ, ആ അവകാശം നിലനിൽക്കുമ്പോൾ തന്നെ, പ്രതികാരത്തെക്കാൾ എത്രയോ ഉന്നതമാണ് മഹത്തുക്കളുടെ ക്ഷമയും മാപ്പുനൽകലും എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

അല്ലാഹു പറയുന്നു: "തിന്മക്ക് നൽകേണ്ട പ്രതിഫലം അതുപോലെയുള്ള തിന്മയാകുന്നു. എന്നാൽ ആരെങ്കിലും മാപ്പുനൽകുകയും നന്മ പുലർത്തുകയും ചെയ്താൽ അവനുള്ള പ്രതിഫലം അല്ലാഹുവിങ്കലാകുന്നു. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല" (വിശുദ്ധ ഖുർആൻ 42:40).

മകനെ നഷ്ടപ്പെട്ട ആ പിതാവ്

**മകനെ നഷ്ടപ്പെട്ട ആ പിതാവ് ചിന്തിച്ചതു പരലോകത്തെക്കുറിച്ചാണ്. ഭൗതികലോകത്തെ കോടികളെക്കാൾ, തന്റെ മകന്റെ വിയോഗത്തിലൂടെ തനിക്കുണ്ടായ സങ്കടത്തെക്കാൾ വലുത് നാളെ പരലോകത്ത് അല്ലാഹു നൽകാനിരിക്കുന്ന അനശ്വരമായ സ്വർഗത്തോപ്പുകളാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഈ ആധുനിക ഭൗതികവാദ ലോകത്ത് ഇത്തരമൊരു ചിന്ത കാത്തുസൂക്ഷിക്കാൻ ഒരു യഥാർഥ വിശ്വാസിക്കല്ലാതെ മറ്റാർക്കാണ് സാധിക്കുക?**

ചിന്തിച്ചതു പരലോകത്തെക്കുറിച്ചാണ്. ഭൗതികലോകത്തെ കോടികളെക്കാൾ, തന്റെ മകന്റെ വിയോഗത്തിലൂടെ തനിക്കുണ്ടായ സങ്കടത്തെക്കാൾ വലുത് നാളെ പരലോകത്ത് അല്ലാഹു നൽകാനിരിക്കുന്ന അനശ്വരമായ സ്വർഗത്തോപ്പുകളാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഈ ആധുനിക ഭൗതികവാദ ലോകത്ത് ഇത്തരമൊരു ചിന്ത കാത്തുസൂക്ഷിക്കാൻ ഒരു യഥാർഥ വിശ്വാസിക്കല്ലാതെ മറ്റാർക്കാണ് സാധിക്കുക?

തന്റെ മകനെ കൊന്നവനോട് ക്ഷമിക്കാൻ ആ പിതാവിനു കരുത്തുനൽകിയത് വിശാലമായ സ്വർഗത്തെക്കുറിച്ചുള്ള ക്വുർആനിന്റെ മനോഹരമായ വാഗ്ദാനങ്ങളാണ്. ഭൂമിയിലെ നഷ്ടങ്ങൾ താൽക്കാലികമാണെന്നും യഥാർഥ വിജയം പരലോകത്താണെന്നും ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്നു. കോപത്തെ അടക്കിനിർത്തുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്ത സ്വർഗത്തിന്റെ വിശാലതയെക്കുറിച്ച് ക്വുർആൻ പറയുന്നത് കാണുക:

“നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ടു മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പു നൽകുകയും ചെയ്യുന്നവർക്കുവേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു” (3:133-134).

ഈ ക്വുർആൻ വചനം നെഞ്ചിലേറ്റിയതുകൊണ്ടാണ് ആ പിതാവ് തന്റെ മകന്റെ കൊലയാളിയുടെ പിതാവിന്റെ നെറുകയിൽ ചുംബിച്ച് ആലിംഗനം ചെയ്തത്. ഭൂമിയിലെ പ്രതികാര ചിന്തകൾക്കപ്പുറം, അല്ലാഹുവിന്റെ സ്നേഹവും കാരുണ്യവും മാത്രം ലക്ഷ്യം വയ്ക്കുന്ന ഉന്നതമായ ഇത്തരം മനസ്സ് ഒരു വിശ്വാസിക്ക് മാത്രമെ ഉണ്ടാകൂ.

ഇസ്‌ലാമിനെ അക്രമത്തിന്റെയോ പ്രതികാരത്തിന്റെയോ മതമായി ചിത്രീകരിക്കാൻ രാപകൽ അധ്വാനിക്കുന്ന നിരീശ്വരവാദികൾക്കും അഭിനവ യുക്തിവാദികൾക്കും മുന്നിൽ കനത്തൊരു പ്രഹരവും വലിയൊരു തിരിച്ചറിവുമാണ് സൗദിയിലെ ഈ സംഭവം. ഇസ്‌ലാമിലെ ക്രിമിനൽ നിയമങ്ങളെയും ഖിസാസിനെയും ‘ക്രൂരം,’ ‘മധ്യകാലഘട്ടത്തിലെ നിയമം,’ ‘ആറാം നൂറ്റാണ്ടിലെ കാടത്തം’ എന്നൊക്കെ അധിക്ഷേപിക്കുന്ന യുക്തിവാദികൾ ഈ സംഭവം കണ്ണുകൾ ശരിക്കും തുറന്നുതന്നെ കാണണം.

ഇസ്‌ലാം ഒരു ഭാഗത്ത് നീതി ഉറപ്പാക്കാൻ കടുത്ത നിയമങ്ങൾ അനുശാസിക്കുമ്പോൾ തന്നെ, മറുഭാഗത്ത് മനുഷ്യന്റെ ഹൃദയത്തെ സംസ്കരിച്ചെടുത്ത് അവനെ കാരുണ്യത്തിന്റെ പ്രചാരകനാക്കി മാറ്റുന്നു. ഒരു നിരീശ്വരവാദിയുടെ കാഴ്ചപ്പാടിൽ ഈ ജീവിതം മാത്രമാണ് എല്ലാമെല്ലാം. മരണം കഴിഞ്ഞാൽ പിന്നെ ഒന്നുമില്ല. അങ്ങനെയുള്ള ഒരു ചിന്താഗതിക്കാരന്റെ മകൻ കൊല്ലപ്പെട്ടാൽ, ഒന്നുകിൽ അയാൾ കടുത്ത വിഷാദത്തിലേക്കു പോകും. അല്ലെങ്കിൽ അയാൾ ആത്മഹത്യക്ക് തുനിയും. അല്ലാത്തപക്ഷം നിയമം കയ്യിലെടുത്ത് പരമാവധി ക്രൂരമായി പ്രതികാരം ചെയ്യാൻ ശ്രമിക്കും. കാരണം, നഷ്ടപ്പെട്ട മകനുപകരമായി അയാൾക്ക് പ്രത്യാശിക്കാൻ ഒരു പരലോകമില്ല, ദൈവമില്ല.

എന്നാൽ, ഇവിടെ ഒരു വിശ്വാസിക്ക് തന്റെ കടുത്ത ദുഃഖത്തിലും ഏറെ പ്രത്യാശയും പ്രതീക്ഷയും സന്തോഷവും നൽകാൻ അല്ലാഹുവിലുള്ള വിശ്വാസത്തിന് സാധിക്കുന്നു. പണമാണ് എല്ലാറ്റിന്റെയും മാനദണ്ഡം എന്ന് വിശ്വസിക്കുന്ന ആധുനിക മുതലാളിത്ത-ഭൗതിക ലോകത്ത്, കോടിക്കണക്കിന് റിയാലുകൾ വേണ്ടെന്നു വയ്ക്കാൻ ആ പിതാവു കാണിച്ച മനസ്സ് യുക്തിവാദികളുടെ ഏത് അളവു കോൽ വച്ചാണ് അളക്കുക? അദൃശ്യനായ ദൈവത്തിന്റെ പ്രീതിക്കു വേണ്ടി കോടികൾ നിരസിച്ച ആ പ്രവൃത്തിയെ ഏത് സ്വാർഥ ചിന്തകൾവച്ചാണ് യുക്തിവാദികൾക്ക് വിശദീകരിക്കാൻ കഴിയുക?

ഇസ്‌ലാം വാളിന്റെയും രക്തത്തിന്റെയും മതമാണെന്ന് പ്രചരിപ്പിക്കുന്നവർ അറിയുക; ഇതേ സൗദി അറേബ്യയിലെ ശരീഅത്ത് കോടതിക്കു മുന്നിലാണ് ഈ കാരുണ്യത്തിന്റെ വസന്തം വിരിഞ്ഞത്. ഇസ്‌ലാം മനുഷ്യന് ജീവിക്കാനുള്ള സമ്പൂർണ അവകാശം നൽകുന്നു. വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു: "മറ്റൊരു ജീവന് പകരമായോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരു മനുഷ്യനെ കൊലപ്പെടുത്തിയാൽ, അവൻ മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയവനെപ്പോലെയാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അവൻ മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചവനെപ്പോലെയാകുന്നു" (5:32).

**ഇസ്‌ലാം ഒരു ഭാഗത്ത് നീതി ഉറപ്പാക്കാൻ കടുത്ത നിയമങ്ങൾ അനുശാസിക്കുമ്പോൾ തന്നെ, മറുഭാഗത്ത് മനുഷ്യന്റെ ഹൃദയത്തെ സംസ്കരിച്ചെടുത്ത് അവനെ കാരുണ്യത്തിന്റെ പ്രചാരകനാക്കി മാറ്റുന്നു.**



സൗദിയിലെ ആ പിതാവു ചെയ്തത് നൂറ്റാണ്ടുകൾക്ക് മുമ്പ് മുഹമ്മദ് നബി(സ) കാണിച്ചുതന്ന മഹനീയ മാതൃകയെ പിൻപറ്റലാണ്. മക്കാവിജയ ദിവസം; തന്നെയും അനുചരന്മാരെയും വർഷങ്ങളോളം ക്രൂരമായി പീഡിപ്പിച്ച, സ്വന്തം ജന്മനാട്ടിൽനിന്നും ആട്ടിയോടിച്ച, തന്റെ പ്രിയപ്പെട്ട കുടുംബകാരണവർ ഹംസ(റ)യെ വധിച്ച കൊലയാളികൾ ഉൾപ്പെടെയുള്ള ശത്രുക്കൾക്കു മുന്നിൽവച്ച് പ്രവാചകൻ പ്രഖ്യാപിച്ചു: 'ഇന്ന് നിങ്ങളോട് യാതൊരു പ്രതികാരവുമില്ല, നിങ്ങളെല്ലാവരും സ്വതന്ത്രരാണ്.'

ഭൗതികവാദത്തിന്റെ വരണ്ട മരുഭൂമിയിൽ കാരുണ്യത്തിന്റെയും വിശ്വാസത്തിന്റെയും പച്ചപ്പുകൾ ഇനിയും ബാക്കിയുണ്ട്. പ്രതികാരത്തിന്റെ തീക്കനലുകൾ എരിയുന്ന ഹൃദയങ്ങളിൽ ക്ഷമയുടെ തണുത്ത മഞ്ഞുതുള്ളികൾ വർഷിക്കാൻ ഇസ്‌ലാമിന് ഇന്നും സാധിക്കുന്നു. മൂർച്ചയേറിയ വാൾത്തലപ്പിന്റെ നിഴലിൽനിന്നും ആ കൊലയാളിക്ക് ലഭിച്ച ഈ രണ്ടാം ജന്മം, ആ കുടുംബത്തിനു മാത്രമല്ല, ലോകത്തെ മുഴുവൻ മനുഷ്യർക്കും ഒരു വലിയ പാഠമാണ്.

ഇസ്‌ലാമിനെ വെറുതെ വിമർശിക്കുന്നവർക്ക് ഇത്തരം ജീവിക്കുന്ന മാതൃകകൾ കണ്ട് സത്യം മനസ്സിലാക്കാനുള്ള തൗഫീഖ് ലഭിക്കട്ടെ. ■



# ആർത്തവവിരാമം: സ്ത്രീകളും കുടുംബവും അറിയേണ്ടത്

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

സ്ത്രീകളുടെ ജീവിതകാലയളവ് വിവിധങ്ങളായ ശാരീരിക-മാനസിക ഘട്ടങ്ങളിലൂടെ കടന്നു പോകുന്ന ഒന്നാണ്. മാസം തോറുമുള്ള ആർത്തവം, ഗർഭധാരണം, മുലയൂട്ടൽ തുടങ്ങിയവയുടെ ഈ പട്ടികയിൽ അവസാനത്തെതും ഏറ്റവും പ്രയാസകരവുമായ അവസ്ഥയാണ് ആർത്തവവിരാമം അഥവാ Menapause.

മുകളിൽ പരാമർശിച്ച ഓരോ കാലഘട്ടത്തിനും അതിന്റേതായ പ്രത്യേകതകളും കർത്തവ്യങ്ങളുമുണ്ട്. ഈ ഘട്ടങ്ങളുടെയെല്ലാം നിയന്ത്രണങ്ങളുടെ നെടുന്തൂണ് സ്ത്രീകളുടെ ലൈംഗിക ഹോർമോണുകളാണ്. ആർത്തവവിരാമമെന്നത് പേരു സൂചിപിക്കുന്നതു പോലെത്തന്നെ ഏകദേശം കൗമാരത്തിലാരംഭിച്ച ആർത്തവത്തിനു പര്യവസാനം കുറിക്കുകയാണ്. എന്നാൽ കേവലം ഈയൊരു കാര്യം മാത്രമല്ല അവിടെ സംഭവിക്കപ്പെടുന്നത്. ആർത്തവവിരാമം എന്താണെന്നും

എങ്ങനെ അതിനെ നേരിടണമെന്നും വിശദമായി മനസ്സിലാക്കുവാനായി ആദ്യം ശരീരത്തിലെ പ്രധാന ലൈംഗിക ഹോർമോണുകളുടെ പ്രവർത്തനങ്ങളെ കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

**ലൈംഗിക ഹോർമോണുകളും പ്രവർത്തനങ്ങളും**

സ്ത്രീകളുടെ ലൈംഗിക ഹോർമോണുകൾ പ്രധാനമായും ഈസ്ട്രജൻ പ്രൊജസ്റ്ററോൺ എന്നിവയാണ്. കൗമാര കാലഘട്ടത്തിൽ കാര്യക്ഷമമാകുന്ന ഈ ഹോർമോണുകളാണ് ഒരു പെൺകുട്ടിയെ മുതിർന്ന സ്ത്രീയിലേക്ക് വഴിനടത്തുന്നത്.

എന്നാൽ ഈ ഹോർമോണുകളുടെ പ്രവർത്തനമണ്ഡലം കേവലം ലൈംഗികത മാത്രമല്ല, മറിച്ച് ഒരു സ്ത്രീയുടെ ശാരീരിക, മാനസിക വികാര തലങ്ങളിൽ വിശാലമായ പ്രവർത്തനങ്ങൾ ഇവയ്ക്കുണ്ട്.

- ശരീരത്തിന്റെ സ്വാഭാവികമായ പ്രതിരോധകോശങ്ങളെ ഉത്തേജിപ്പിച്ച് രോഗപ്രതിരോധ ശേഷിയെ വർധിപ്പിക്കാൻ സഹായിക്കുന്നു.
- നല്ല ഉറക്കത്തിനായി തലച്ചോറ് ഉൽപാദിപ്പിക്കുന്ന melatonin എന്ന രാസവസ്തുവിന്റെ അളവു വർധിപ്പിച്ച് ഉറക്കത്തിന് സഹായകമാകുന്നു.
- മനസ്സിനു സമ്മർദമുണ്ടാകുന്ന കോർട്ടിസോൾ എന്ന രാസവസ്തുവിനെ നിയന്ത്രിക്കുന്നതു വഴി മനസ്സിന്റെ ശാന്തത നിലനിർത്തുവാനുപകരിക്കുന്നു.
- മനസ്സിനു സന്തോഷം നൽകുന്ന ഡോപമിൻ, സെറോടോണിൻ എന്നീ രാസവസ്തുക്കളുടെ ഉൽപാദനം വർധിപ്പിക്കുന്നതുവഴി ഉൻമേഷവും സന്തോഷവും ലഭിക്കുന്നു
- രക്തസമ്മർദം കുറയ്ക്കാനും രക്തയോട്ടം വർധിപ്പിക്കാനും ഹൃദയാരോഗ്യം നിലനിർത്താനും സഹായിക്കുന്നു.
- യോനിയിലേക്കുള്ള രക്തയോട്ടം വർധിപ്പിക്കുകയും യോനിയുടെ സംവേദനക്ഷമതയും സ്വാഭാവികമായ ഈർപ്പവും നിലനിർത്തുകയും ചെയ്യുന്നു.

**ആർത്തവ വിരാമവും മൂന്നു ഘട്ടങ്ങളും**

ഈസ്ട്രജന്റെയും പ്രൊജസ്റ്ററോണിന്റെയും അളവു ക്രമേണ കുറയുകയും തുടർച്ചയായി പന്ത്രണ്ടു മാസത്തോളവും തുടർന്നും ആർത്തവം ഇല്ലാതിരിക്കുകയും ചെയ്യുമ്പോഴാണ് അതിനെ ആർത്തവ വിരാമം (menapause) എന്നു പറയുന്നത്. സാധാരണയായി 45നും 55നും ഇടയിലാണ് ഇത് സംഭവി ക്കുന്നത്.

**പെരിമെനാപോസ്**

ആർത്തവ വിരാമം നടക്കുന്നതിനു മുന്നോടിയായി ശരീരം അതിനു തയ്യാറെടുക്കുന്ന ഘട്ടമാണിത്. ഈ സമയം മുതൽക്കു ശരീരം ഈസ്ട്രജന്റെയും പ്രൊജസ്റ്ററോണിന്റയും ഉൽപാദനം കുറച്ചു കൊണ്ടുവരുന്നു. അതിനാൽ തന്നെ ആർത്തവ വിരാമത്തോടനുബന്ധിച്ചുള്ള ശാരീരികവും മാനസികവുമായ പല മാറ്റങ്ങളും ഈ സമയം മുതൽ കണ്ടുതുടങ്ങുന്നു. ആർത്തവം ക്രമം തെറ്റിവരുന്നതാണ് ഇതിന്റെ പ്രധാന ലക്ഷണം.

**മെനാപോസ്**

തുടർച്ചയായി ഒരു വർഷത്തോളം ആർത്തവം ഉണ്ടാകാതിരിക്കുന്നതാണ് ഈ ഘട്ടം. ഈസ്ട്രജന്റെയും പ്രൊജസ്റ്ററോണിന്റെയും അളവ് സാരമായി കുറയുന്നതിനാൽതന്നെ ആർത്തവം നിലയ്ക്കുന്നതോടൊപ്പം

ശാരീരിക-മാനസിക ബുദ്ധിമുട്ടുകൾ പലതും ഈ കാലയളവിൽ അനുഭവപ്പെടുന്നു.
*പ്രധാന ലക്ഷണങ്ങൾ:*

1. ശരീരത്തിൽ പ്രത്യേക ഭാഗങ്ങളിൽ അസഹനീയമായ ചൂടും പുകച്ചിലും വിയർപ്പും അനുഭവപ്പെടുന്നു (Hot flashes).
2. ഉറക്കക്കുറവ്.
3. എല്ലുകളുടെ ബലക്ഷയം.
4. യോനിയിലെ സ്വാഭാവിക ഈർപ്പം നഷ്ടപ്പെടുന്നു.
5. മാനസിക പിരിമുറുക്കം.

**പോസ്റ്റ് മെനാപോസ്**

ആർത്തവ വിരാമം സംഭവിച്ചതിനു ശേഷമുള്ള ശിഷ്ടകാലയളവാണിത്. ആർത്തവ വിരാമത്തോടനുബന്ധിച്ചുള്ള പ്രധാന ബുദ്ധിമുട്ടുകൾ ഈ ഘട്ടത്തിൽ സാവധാനം കുറഞ്ഞുവരുന്നു.

*ആർത്തവ വിരാമത്തോടനുബന്ധിച്ചുള്ള ആരോഗ്യ സംരക്ഷണം:*

ആർത്തവിരാമം ഒരു രോഗമല്ല; മറിച്ച് സ്ത്രീകളിൽ ജീവശാസ്ത്രപരമായി സംഭവിക്കുന്നൊരു മാറ്റമാണ്. എങ്കിൽപോലും കൗമാരം മുതൽ ദീർഘമായ കാലമത്രയും ശരീരത്തിനെയും വികാരവിചാരങ്ങളെയും കാര്യമായി സ്വാധീനിച്ചിരുന്ന പ്രധാന ഹോർമോണുകളുടെ പിൻവാങ്ങൽ എന്ന നിലയിൽ കാര്യമായ ആരോഗ്യപരിചരണം ഈ സമയത്ത് അത്യന്താപേക്ഷികമാണ്.

**പോഷകാഹാരം**

കാത്സ്യവും പ്രോട്ടീനും വിറ്റാമിനുകളും അടങ്ങിയ ഇലക്കറികൾ, പാലുൽപന്നങ്ങൾ, നട്സ് തുടങ്ങിയവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക; ധാരാളം വെള്ളം കുടിക്കണം.

**ആർത്തവവിരാമത്തിലൂടെ കടന്നുപോകുന്ന സ്ത്രീയുടെ കുടുംബത്തിനും ഈ വിഷയത്തിൽ വ്യക്തമായ ധാരണയുണ്ടായിരിക്കണം. അത്രയും കാലം ചുറുചുറുക്കോടെ വീടിനെ നിയന്ത്രിച്ചിരുന്ന ഉമ്മയുടെ, അല്ലെങ്കിൽ ഭാര്യയുടെ ആരോഗ്യസ്ഥിതിയിലും മാനസികാവസ്ഥയിലും കാര്യമായ വ്യത്യാസങ്ങൾ പ്രകടമാകുന്ന ഈ കാലഘട്ടത്തിൽ അവരുടെ ഈ മാറ്റങ്ങൾക്കു പിന്നിലുള്ള കാരണം ഇന്നതാണെന്നു കുടുംബാംഗങ്ങൾ തിരിച്ചറിയണം. അവർക്ക് താങ്ങും തണലുമായി നിലകൊള്ളണം.**

**വ്യയാമവും ശരിയായ വിശ്രമവും**

ലഘുവായ വ്യായാമങ്ങൾ അമിതവണ്ണം വെക്കുന്നതു തടയാനും എല്ലുകളുടെയും പേശികളുടെയും ബലം മെച്ചപ്പെടുത്താനും ശരീരത്തിനും മനസ്സിനും ഉന്മേഷം നൽകാനും സഹായകമാണ്.

**മാനസികമായ തയ്യാറെടുപ്പ്**

ആർത്തവ വിരാമത്തോടനുബന്ധിച്ചുള്ള അനേകം പ്രയാസങ്ങൾക്കിടയിൽ മാനസികമായ കരുത്ത് നഷ്ടപ്പെടാതിരിക്കുകയെന്നതു പ്രധാനമാണ്. ആർത്തവ വിരാമത്തെ കുറിച്ചുള്ള ശരിയായ അറിവാണ് ആദ്യമായുണ്ടാവേണ്ടത്. താനിപ്പോൾ കടന്നുപോകുന്നത് തീർത്തും സ്വാഭാവികമായ ചില മാറ്റങ്ങളിലൂടെയാണെന്നും ക്രിയാത്മകമായ ഒരുക്കങ്ങളിലൂടെ തനിക്കിതിനെ



മറികടക്കാനാവുമെന്നും തിരിച്ചറിയണം. ഇഷ്ടമുള്ള കാര്യങ്ങളിലേർപ്പെടാനായി സമയം കണ്ടെത്തുന്നതു മാനസിക സമ്മർദം കുറക്കാൻ സഹായകമാണ്. പ്രയാസങ്ങൾ കുടുംബത്തോടു തുറന്നുപറയാനും ആവശ്യമെങ്കിൽ ചികിത്സ തേടാനും മടിക്കരുത്.

**എപ്പോഴാണ് ചികിത്സ തേടേണ്ടത്?**

- അമിതമായ രക്തസ്രാവം: പെരിമെനാപോസ് കാലഘട്ടത്തിലുണ്ടാവുന്ന അമിത രക്തസ്രാവവും മെനാപോസിന് ശേഷം വീണ്ടും ഉണ്ടാവുന്ന രക്തസ്രാവവും വൈദ്യ പരിശോധനക്ക് വിധേയമാകേണ്ടവയാണ്.
- അസഹനീയമായ ചൂടും വിയർപ്പും ഉറക്കത്തെയും നിത്യജീവിതത്തെയും ബാധിക്കുന്നുവെങ്കിൽ വൈദ്യസഹായം തേടുക
- ഹൃദ്രോഗവുമായി ബന്ധപ്പെട്ട അമിതമായ നെഞ്ചിടിപ്പ്, ഉയർന്ന രക്തസമ്മർദം തുടങ്ങിയ ലക്ഷണങ്ങൾ ചികിത്സ അത്യാവശ്യമായി വരുന്നതാണ്.
- നിത്യജീവിതത്തെ ബാധിക്കുന്ന തരത്തിലുള്ള ഉറക്കമില്ലായ്മ.
- യോനീഭാഗത്തെ അമിതമായ വരൾച്ച: വേദനയോ  ചൊറിച്ചിലോ മറ്റ് അസ്വസ്ഥതകളോ ഉണ്ടെങ്കിൽ തീർച്ചയായും ചികിത്സ ആവശ്യമാണ്.
- മൂത്രാശയ സംബന്ധമായ അണുബാധയോ അറിയാതെ മൂത്രംപോകുന്ന അവസ്ഥയോ ഉണ്ടായാൽ വിശദമായ പരിശോധനകൾ വേണ്ടിവന്നേക്കാം
- അമിതമായ വിഷാദം, ഉത്കണ്ഠ, അനിയന്ത്രിതമായ ദേഷ്യം, സങ്കടം തുടങ്ങിയവയെല്ലാം ചികിത്സിക്കേണ്ടവയാണ്.

**കുടുംബത്തിന്റെ കരുതൽ**

ആർത്തവവിരാമത്തിലൂടെ കടന്നുപോകുന്ന സ്ത്രീയുടെ കുടുംബത്തിനും ഈ വിഷയത്തിൽ വ്യക്തമായ ധാരണയുണ്ടായിരിക്കണം. അത്രയും കാലം ചുറുചുറുക്കോടെ വീടിനെ നിയന്ത്രിച്ചിരുന്ന ഉമ്മയുടെ, അല്ലെങ്കിൽ ഭാര്യയുടെ ആരോഗ്യസ്ഥിതിയിലും മാനസികാവസ്ഥയിലും കാര്യമായ വ്യത്യാസങ്ങൾ പ്രകടമാകുന്ന ഈ കാലഘട്ടത്തിൽ അവരുടെ ഈ മാറ്റങ്ങൾക്കു പിന്നിലുള്ള  കാരണം ഇന്നതാണെന്നു കുടുംബാംഗങ്ങൾ തിരിച്ചറിയണം. അവർക്ക് താങ്ങും തണലുമായി നിലകൊള്ളണം. ആവശ്യത്തിനു വിശ്രമം, പോഷകാഹാരം, മാനസികമായ പിന്തുണ എന്നിവ ഉറപ്പുവരുത്തണം.

പിശാചിന്റെ ചതിക്കുഴികൾ 31



# സ്വഹാബത്തിനെ അധിക്ഷേപിക്കുന്ന ശിയാക്കൾ

ശമീർ മദീനി
: 9048 221 212

ദീനിനുവേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ചവരാണ് നബി(സ്വ)യുടെ അനുചരന്മാർ (സ്വഹാബികൾ). ദീനിന്റെ മാർഗത്തിൽ ശാരീരികവും മാനസികവും സാമ്പത്തികവുമായി ഏറെ അവർ സഹിച്ചിട്ടുണ്ട്. സ്വന്തം ജീവൻപോലും പണയപ്പെടുത്തി അവർ അത്യധികം അധ്വാനിച്ചിട്ടുണ്ട്. അല്ലാഹുവിനു വേണ്ടി എല്ലാം സമർപ്പിച്ച, ആത്മാർഥതയുടെ പ്രതീകങ്ങളായിരുന്നു അവർ. സ്വന്തം നാടും വീടും സമ്പാദ്യങ്ങളുംമെല്ലാം ത്യജിച്ചുകൊണ്ട് റബ്ബിന്റെ മാർഗത്തിൽ ദേശപരിത്യാഗം (ഹിജ്റ) നടത്തിയവരാണ് അവർ. അല്ലാഹു പറയുന്നു:

**സ്വഹാബത്തിനെ ചീത്ത പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് മഹത്ത്വമായി കാണുന്നവരാണ് ശിയാക്കൾ. ആദരവിന്റെ പേരിൽ ഏറെ അതിരുകവിഞ്ഞ് പലരെയും അല്ലാഹുവിനു മാത്രം അവകാശപ്പെട്ട പദവികളിലേക്ക് ഉയർത്തുക വരെ ചെയ്ത ശിയാക്കളെ ക്കൊണ്ട് ഏറെ ആദരവ് അർഹിക്കുന്ന സ്വഹാ ബത്തിനെ തെറിവിളിപ്പിക്കാൻ വരെ പിശാചിന് സാധിച്ചു എന്നതിലൂടെ പിശാചിന്റെ കുതന്ത്രങ്ങളുടെയും കെണി കളുടെയും ആഴവും വ്യാപ്തി യും നാം തിരിച്ചറിയേണ്ടതുണ്ട്.**

"മുഹാജിറുകളിൽനിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ടു വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (ക്വുർആൻ 9:100).

അവരുടെ ത്യാഗത്തോളം വരില്ല പിൽക്കാലക്കാരുടെ ഏതു ത്യാഗവും അധ്വാനവും: "...നിങ്ങളുടെ കൂട്ടത്തിൽനിന്നു (മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു..." (57:10).

അവരുടെ മഹത്ത്വങ്ങൾ വെളിപ്പെടുത്തുന്ന ധാരാളം വചനങ്ങൾ വിശുദ്ധ ക്വുർആനിലും പ്രവാചക വചനങ്ങളിലും കാണാവുന്നതാണ്. അല്ലാഹു പറയുന്നു: "അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്കു സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും..." (59:9).

അവരോടു സ്നേഹവും ബഹുമാനവും ആദരവുമാണ് ഒരു യഥാർഥ വിശ്വാസിയിൽ നിന്നുണ്ടാവുക. അവരെ സ്നേഹിക്കൽ ഈമാനിന്റെ ഭാഗവും അവരോടുള്ള വെറുപ്പും വിദ്വേഷവും കുഫ്റിന്റെ അടയാളവുമാണ്.

എന്നാൽ അവരെ ചീത്ത പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് മഹത്ത്വമായി കാണുന്നവരാണ് ശിയാക്കൾ. ആദരവിന്റെ പേരിൽ ഏറെ അതിരുകവിഞ്ഞ് പലരെയും അല്ലാഹുവിനു മാത്രം അവകാശപ്പെട്ട പദവികളിലേക്ക് ഉയർത്തുക വരെ ചെയ്ത ശിയാക്കളെക്കൊണ്ട് ഏറെ ആദരവ് അർഹിക്കുന്ന സ്വഹാബത്തിനെ തെറിവിളിപ്പിക്കാൻവരെ പിശാചിന് സാധിച്ചു എന്നതിലൂടെ പിശാചിന്റെ കുതന്ത്രങ്ങളുടെയും കെണികളുടെയും ആഴവും വ്യാപ്തിയും നാം തിരിച്ചറിയേണ്ടതുണ്ട്.

**ആരാണു സഹാബത്ത്?**

ഇബ്നു ഹജർ(റഹി) പറയുന്നു: "മുഹമ്മദ് നബി(സ്വ)യിൽ വിശ്വസിക്കുകയും അദ്ദേഹത്തെ നേരിൽ കാണുകയും മുസ്ലിമായിത്തന്നെ ഇഹലോകവാസം വെടിയുകയും ചെയ്തവരെയാണ് സ്വഹാബികൾ എന്നു പറയുന്നത്'' (അൽഇസാബ, പേജ് 71).

അല്ലാഹു പ്രത്യേകം തെരഞ്ഞെടുത്ത വരാണ് അവർ. മുൻവേദങ്ങളിൽ അവരുടെ പ്രത്യേകതകളും മഹത്ത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: "മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്കു കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെപ്പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെപ്പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്തു കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടതു കരുത്താർജിച്ചു. അങ്ങനെ അതു കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടുവരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽനിന്നു വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു" (48:29).

നബി(സ്വ) അവരെ പ്രശംസിച്ചു പറഞ്ഞ നിരവധി ഹദീസുകളും കാണാം. അവിടുന്ന് പറഞ്ഞു: "നക്ഷത്രങ്ങൾ ആകാശത്തിനു സുരക്ഷയാണ് എന്നതുപോലെ ഞാൻ എന്റെ അനുചരന്മാർക്കും എന്റെ അനുചരന്മാർ എന്റെ സമുദായത്തിനും സുരക്ഷയാണ്" (മുസ്‌ലിം).

യഥാർഥ വിശ്വാസികൾ അവരെ സ്നേഹിക്കുകയും ആദരിക്കുകയും അവർക്ക് നന്മക്കായി റബ്ബിനോട് പ്രാർഥിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: "അവരുടെ ശേഷം വന്നവർക്കും; അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (59:10).

എന്നാൽ ശിയാക്കൾ, മഹാഭൂരിപക്ഷം വരുന്ന സ്വഹാബിമാരെയും ശപിക്കുന്നവരും ചീത്ത വിളിക്കുന്നവരുമാണ്. പ്രവാചക പത്നിമാരും ഖുലഫാഉർറാശിദുകളടക്കമുള്ള പ്രമുഖരായ സ്വഹാബികളെ തങ്ങളുടെ ക്രൂരമായ ഭൽസനങ്ങൾക്ക് ഇരയാക്കിയിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: "നിങ്ങൾ എന്റെ അനുചരന്മാരെ ചീത്ത വിളിക്കരുത്. തീർച്ചയായും നിങ്ങളിൽ ഒരാൾ ഉഹ്ദ് മലയോളം സ്വർണം ചെലവഴിച്ചു എന്ന് സങ്കൽപിക്കുക; എന്നാലും അവർ ചെലവഴിച്ച ഒരു കൈക്കുമ്പിളിനോളം അത് എത്തുകയില്ല" (ബുഖാരി, മുസ്‌ലിം).

അവരെ ചീത്ത പറയുന്നതിനെ ഗുരുതരമായ പാതകമായിട്ടാണ് മുൻഗാമികൾ കണ്ടത്. മതവിരോധികൾക്കല്ലാതെ അവരെ ചീത്ത പറയുവാൻ കഴിയുകയില്ല. ഇസ്‌ലാമിക ലോകത്തെ പ്രമുഖ പണ്ഡിതൻ ഖത്വീബുൽ ബഗ്ദാദി(റഹി) പറയുന്നു: "പ്രവാചകന്റെ അനുചരന്മാരിൽ ആരെയെങ്കിലും ഇകഴ്ത്തി സംസാരിക്കുന്ന ആളെ നീ കണ്ടാൽ അറിയുക; തീർച്ചയായും അയാൾ മതനിഷേധിയാണ്. കാരണം പ്രവാചകൻ(സ്വ) നമ്മുടെ പക്കൽ സത്യസമ്പൂർണനാണ്. ക്വുർആനും സത്യമാണ്. നിശ്ചയമായും ക്വുർആനും പ്രവാചക അധ്യാപനങ്ങളും നമ്മിലേക്ക് എത്തിച്ചുതന്നത് പ്രവാചകാനുചരന്മാരായ സ്വഹാബത്താണ്. അവരെ മോശക്കാരായി ചിത്രീകരിക്കുകവഴി മതനിഷേധികൾ ഉദ്ദേശിക്കുന്നത് വിശുദ്ധ ക്വുർആനിനെയും തിരുസുന്നത്തിനെയും ദുർബലപ്പെടുത്തലാണ്. എന്നാൽ അവർക്കാണ് ആക്ഷേപങ്ങൾ ഏറ്റവും കൂടുതൽ ചേരുക. കാരണം, അവർ മതനിഷേധികളാണ്" (അൽകിഫായ, പേജ് 93).

**അബൂബക്റിനെയും ഉമറിനെയും സത്യവിശ്വാസികളും മുത്തകിഖികളുമല്ലാതെ സ്നേഹിക്കുകയില്ല. തെമ്മാടികളും ദുർമാർഗികളുമായ ആളുകളല്ലാതെ അവരോട് വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തുകയുമില്ല. അവർ രണ്ടുപേരും പ്രവാചകന്റെ അനുചരന്മാരാണ്. സത്യസന്ധമായി നിലകൊണ്ടവരും കരാർ പാലിച്ചവരും നന്മകൽപിച്ചവരും തിന്മ വിരോധിച്ചവരും തിന്മയുടെ വക്താക്കൾക്കെതിരിൽ ദേഷ്യപ്പെട്ടവരും നിലപാട് സ്വീകരിച്ചവരുമാണ്. നബി(സ്വ) യുടെ മാർഗ നിർദേശങ്ങളെ അവർ ഒരിക്കലും വിട്ടുകടന്നിട്ടില്ല. അവരെപ്പോലെ മറ്റൊരാളെയും നബി(സ്വ) സ്നേഹിച്ചിട്ടുമില്ല. അവരെ സംബന്ധിച്ച് സംതൃപ്തനായിക്കൊണ്ടാണ് നബി(സ്വ) ഈ ലോകത്തോടു യാത്രപറഞ്ഞത്.**

സ്വഹാബികൾ എല്ലാവരും യാതൊരു അബദ്ധങ്ങളും സംഭവിക്കാത്ത പാപസുരക്ഷിതരാണ് എന്ന് ഈ പറഞ്ഞതിന് അർഥമില്ല. മനുഷ്യസഹജമായ അബദ്ധങ്ങൾ വല്ലതും അവരിൽ കണ്ടാൽ അവർക്കു വേണ്ടി പടച്ചവനോട് പ്രാർഥിച്ചുകൊണ്ട്, അവരെ ആക്ഷേപിക്കാതെ നാവും മനസ്സും സുരക്ഷിതമാക്കി വെക്കാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്.

അലി(റ)യുടെ ആളുകൾ എന്ന പേരുപറഞ്ഞു നടക്കുന്ന ശിയാക്കൾ സത്യത്തിൽ അദ്ദേഹത്തിന്റെ മാർഗത്തിൽനിന്ന് എത്രയോ വിദൂരത്താണ്. അബൂബക്ർ(റ), ഉമർ(റ) എന്നിവരടങ്ങിയ പ്രവാചകാനുചരൻമാരെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്ത വ്യക്തിയായിരുന്നു അലി(റ).

സുവൈദ്ബ്നു ഗഫല(റ) പറയുന്നു: "ഞാൻ ഒരു സംഘം ശിയാക്കളുടെ അടുത്തുകൂടെ നടന്നുപോയി. അപ്പോൾ അവർ അബൂബക്റിനെയും ഉമറിനെയും പച്ചയ്ക്ക് തിന്നുകൊണ്ടിരിക്കുകയാണ് (അഥവാ പരദൂഷണം പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു). അവരെക്കുറിച്ച് അപവാദങ്ങളും ന്യൂനതകളും പറഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ ഞാൻ അലി(റ)യുടെ അടുക്കൽ ചെന്നു പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ! താങ്കളുടെ അനുചരന്മാർ എന്നു പറയുന്ന ഒരുവിഭാഗം ആളുകളുടെ അടുത്തുകൂടെ ഞാൻ ഞാൻ നടന്നു. അപ്പോൾ അവർ അബൂബക്റി(റ)നെയും ഉമറി(റ)നെയും ധിക്കാരപരമായി ആക്ഷേപിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്. താങ്കളുടെ പിന്തുണ അവർക്കുണ്ടാകുമെന്ന് അവർ കരുതുന്നില്ലായിരുന്നുവെങ്കിൽ ഈ ധിക്കാരത്തിന് അവർ മുതിരുമായിരുന്നില്ല.' അപ്പോൾ അലി(റ) പറഞ്ഞു: 'അല്ലാഹുവിൽ ശരണം! അല്ലാഹുവിൽ ശരണം! അവരെക്കുറിച്ച് നല്ലതല്ലാത്ത വിചാരം കൊണ്ടുനടക്കുന്നവർക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ! പ്രവാചകന്റെ രണ്ട് സഹോദരങ്ങളും സുഹൃത്തുക്കളുമാണവർ; പ്രവാചകനെ ഏതു ഘട്ടത്തിലും സഹായിച്ച സഹകാരികളുമാണ്. അവർക്ക് രണ്ടുപേർക്കും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ!'

എന്നിട്ട് കണ്ണുനീർ പൊഴിച്ചുകൊണ്ട് അലി(റ) അവിടെനിന്ന് എഴുന്നേറ്റു. എന്റെ കയ്യും പിടിച്ചു അദ്ദേഹം പള്ളിയിലേക്ക് കടന്നു. എന്നിട്ട് മിമ്പറിൽ കയറി തന്റെ താടിയിൽ പിടിച്ചുകൊണ്ട് അവിടെ കുറച്ചുനേരം ഇരുന്നു. ആളുകൾ ഒരുമിച്ചുകൂടിയപ്പോൾ അദ്ദേഹം എഴുന്നേറ്റ് അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തുകൊണ്ട് അർഥ ഗംഭീരമായ ഒരു ചെറു പ്രസംഗം നടത്തി. അദ്ദേഹം പറഞ്ഞു:

"ക്വുറൈശികളുടെ നേതാക്കളും മുസ്‌ലിംകളുടെ ആദർശ പിതാക്കളുമായ അബൂബക്റിനെയും ഉമറിനെയും ആക്ഷേപിച്ചു പറയുന്നവരുടെ അവ

സ്ഥയെന്താണ്? എനിക്കതിൽ യാതൊരു പങ്കുമില്ല. അവർ പറഞ്ഞതിൽനിന്നും ഞാൻ ഒഴിവാണ്. അവർ പറഞ്ഞ ആ ധിക്കാരത്തിനെതിരെ നടപടിയെടുക്കുന്നതാണ്. അല്ലാഹുവാണെ സത്യം! അബൂബക്റിനെയും ഉമറിനെയും സത്യവിശ്വാസികളും മുത്തകികളുമല്ലാതെ സ്നേഹിക്കുകയില്ല. തെമ്മാടികളും ദുർമാർഗികളുമായ ആളുകളല്ലാതെ അവരോട് വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തുകയുമില്ല. അവർ രണ്ടുപേരും പ്രവാചകന്റെ അനുചരന്മാരാണ്. സത്യസന്ധമായി നിലകൊണ്ടവരും കരാർ പാലിച്ചവരും നന്മകൽപിച്ചവരും തിന്മ വിരോധിച്ചവരും തിന്മയുടെ വക്താക്കൾക്കെതിരിൽ ദേഷ്യപ്പെട്ടവരും നിലപാട് സ്വീകരിച്ചവരുമാണ്. നബി(സ്വ)യുടെ മാർഗ നിർദേശങ്ങളെ അവർ ഒരിക്കലും വിട്ടുകടന്നിട്ടില്ല. അവരെപ്പോലെ മറ്റൊരാളെയും നബി(സ്വ) സ്നേഹിച്ചിട്ടുമില്ല. അവരെ സംബന്ധിച്ച് സംതൃപ്തനായിക്കൊണ്ടാണ് നബി(സ്വ) ഈ ലോകത്തോടു യാത്രപറഞ്ഞത്. സത്യവിശ്വാസികൾ അവരെ സംബന്ധിച്ച് സംപ്രീതരായിക്കൊണ്ടാണ് അവരും ഈ ലോകത്തോടു വിടപറഞ്ഞത്.' നബി(സ്വ)യുടെ ജീവിതകാലത്തുതന്നെ വിശ്വാസികൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകിക്കൊണ്ട് 9 ദിവസത്തോളം അബൂബക്ർ(റ) നമസ്കരിച്ചു. പ്രവാചക വിയോഗത്തിനുശേഷം സത്യവിശ്വാസികൾ അദ്ദേഹത്തെ അധികാരസ്ഥാനത്തേക്ക് നിയോഗിച്ചു. തങ്ങളുടെ സകാത്ത് അവർ അദ്ദേഹത്തെ ഏൽപിച്ചു. അവർ എല്ലാവരും പൂർണ മനസ്സോടെ അദ്ദേഹത്തെ അംഗീകരിക്കുകയും സ്വമേധയാ തന്നെ ബൈഅത്ത് നൽകുകയും ചെയ്തു" (തൽബീസു ഇബ്‌ലീസ്, പേജ് 112).

■



وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ
بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ

"നിങ്ങളിൽ നിന്ന് നന്മയിലേക്ക് ക്ഷണിക്കു കയും സദാചാരം കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ടായിരിക്കട്ടെ"



# ഈ മൗനം അപകടം

## അബൂ തൻവീൽ

ഒരു വിശ്വാസി എന്ന നിലയിൽ ഒരു തിന്മയും ചെയ്യാതെ, നമസ്കാരവും നോമ്പും മറ്റു ആരാധനാകർമങ്ങളും ചെയ്ത്, സമൂഹത്തിലെ മറ്റു കാര്യങ്ങളിലൊന്നും ഇടപെടാതെ ജീവിച്ചാൽ ജീവിതം ലക്ഷ്യത്തിലെത്തിച്ചേരുമെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? യഥാർഥത്തിൽ, സ്വയം തിന്മകളിൽ നിന്നകന്നു ജീവിക്കുകയെന്നത് മാത്രമാണോ വിശ്വാസിയുടെ കടമ?

തിന്മ ചെയ്യാതിരിക്കുക മാത്രമല്ല; തിന്മ സമൂഹത്തിൽ വ്യാപിക്കുമ്പോൾ അതിനെതിരെ ഉത്തരവാദിത്തത്തോടെ നിലകൊള്ളുകയും നന്മയിലേക്ക് ക്ഷണിക്കുകയും ചെയ്യുകയെന്നത് വിശ്വാസിയുടെ ബാധ്യതയാണ്. പ്രബോധനപ്രവർത്തനത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തത്തെ വളരെ ശക്തമായി ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "അവർ ചെയ്തിരുന്ന തിന്മയിൽനിന്ന് പരസ്പരം വിലക്കിയിരുന്നില്ല. അവർ ചെയ്തുകൊണ്ടിരുന്നത് എത്ര മോശമായിരുന്നു!" (ക്വുർആൻ 5:79).

ബനൂ ഇസ്‌റാഈലിലെ ചിലരുടെ അനുസരണക്കേടും അതിക്രമവും പരാമർശിച്ച ശേഷമാണ് അല്ലാഹു ഇങ്ങനെ പറഞ്ഞത്. 'തിന്മ ചെയ്യുന്നവരാകരുത്' എന്നതോടൊപ്പം 'തിന്മ നടക്കുമ്പോൾ മൗനം പാലിക്കുന്നവരാകരുത്' എന്നുകൂടി ഈ സൂക്തം നമ്മെ ബോധ്യപ്പെടുത്തുന്നു.

നന്മയിലേക്ക് ക്ഷണിക്കുകയും തിന്മയിൽനിന്ന് വിലക്കുകയും ചെയ്യുക എന്നത് മുസ്‌ലിം സമൂഹത്തിന്റെ പ്രധാന ഉത്തരവാദിത്തമാണ്. അല്ലാഹു പറയുന്നു: "നിങ്ങളിൽ നിന്ന് നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം ഉണ്ടായിരിക്കട്ടെ" (3:104).

> **തിന്മ ചെയ്യാതിരിക്കുക മാത്രമല്ല; തിന്മ സമൂഹത്തിൽ വ്യാപിക്കുമ്പോൾ അതിനെതിരെ ഉത്തരവാദിത്തത്തോടെ നിലകൊള്ളുകയും നന്മയിലേക്ക് ക്ഷണിക്കുകയും ചെയ്യുകയെന്നത് വിശ്വാസിയുടെ ബാധ്യതയാണ്. നന്മയിലേക്ക് ക്ഷണിക്കുകയും തിന്മയിൽനിന്ന് വിലക്കുകയും ചെയ്യുക എന്നത് മുസ്‌ലിം സമൂഹത്തിന്റെ പ്രധാന ഉത്തരവാദിത്തമാണ്.**

ഒരു കുടുംബത്തിൽ തെറ്റുകൾ കണ്ടിട്ടും ആരും ഉപദേശിക്കുന്നില്ലെങ്കിൽ ആ കുടുംബത്തിന്റെ മൂല്യങ്ങൾ തകരും. ഇനി അതല്ല സ്ഥാപനത്തിൽ തെറ്റുകൾ കണ്ടിട്ടും ആരും പ്രതികരിക്കുന്നില്ലെങ്കിൽ ആ തെറ്റ് ആ സംവിധാനത്തിന്റെ ഭാഗമായി മാറും. ഒരു സമൂഹത്തിൽ അധാർമികത കണ്ടിട്ടും എല്ലാവരും മൗനം പാലിച്ചാൽ തിന്മയ്ക്ക് സാമൂഹിക അംഗീകാരം ലഭിക്കുകയെന്ന വലിയ അപകടത്തിലേക്കാണ് എത്തിച്ചേരുക.

പ്രബോധനത്തിന്റെ ലക്ഷ്യം ആളുകളെ വിമർശിക്കുക എന്നതല്ല; അവരെ നന്മയിലേക്ക് കൊണ്ടുവരിക എന്നതാണ്.

പ്രവാചകൻ(സ) പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ഒരു തിന്മ കണ്ടാൽ അതിനെ തന്റെ കൈകൊണ്ട് തടുക്കട്ടെ. അതിനു കഴിയില്ലെങ്കിൽ നാവുകൊണ്ട്. അതിനും കഴിയില്ലെങ്കിൽ ഹൃദയംകൊണ്ട്..." (മുസ്‌ലിം).

കഴിവും സാഹചര്യവും അനുസരിച്ച് തിന്മക്കെതിരെ ഉത്തരവാദിത്തപരമായി നിലകൊള്ളണം എന്നതാണ് ഈ നബിവചനം പഠിപ്പിക്കുന്നത്. പ്രബോധനത്തിന്റെ മർമം മനസ്സിലാക്കിയ ഒരു പ്രബോധകൻ ഒരാളിൽ തെറ്റു കണ്ടാൽ പരിഹസിക്കില്ല, തെറ്റു ചെയ്യുന്നവനെ അപമാനിക്കില്ല, സ്വന്തം മേന്മ പ്രകടിപ്പിക്കില്ല; പകരം തിരുത്താനുള്ള വാതിൽ തുറക്കും.

ഈയൊരു ദൗത്യമേറ്റെടുക്കുന്നവർ ആദ്യം ചെയ്യേണ്ടത് സ്വന്തം ജീവിതം മാതൃകാപരമാക്കുക എന്നതാണ്. അല്ലാഹു ചോദിക്കുന്നു: "നിങ്ങൾ ജനങ്ങളോടു നന്മ കൽപിക്കുകയും നിങ്ങളെത്തന്നെ മറക്കുകയും ചെയ്യുന്നുവോ?' (2:44). ■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالَ إِنِّي لِعَمَلِكُم مِّنَ الْقَالِينَ ﴿١٦٨﴾

168. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവരുടെ കൂട്ടത്തിലാകുന്നു.

رَبِّ نَجِّنِي وَأَهْلِي مِمَّا يَعْمَلُونَ ﴿١٦٩﴾

169. (അദ്ദേഹം പ്രാർഥിച്ചു:) എന്റെ രക്ഷിതാവേ, എന്നെയും എന്റെ കുടുംബത്തേയും ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന് നീ രക്ഷപ്പെടുത്തേണമേ.

فَنَجَّيْنَاهُ وَأَهْلَهُ أَجْمَعِينَ ﴿١٧٠﴾

170. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും മുഴുവൻ നാം രക്ഷപ്പെടുത്തി.

إِلَّا عَجُوزًا فِي الْغَابِرِينَ ﴿١٧١﴾

171. പിൻമാറി നിന്നവരിൽ ഒരു കിഴവി ഒഴികെ.

ثُمَّ دَمَّرْنَا الْآخَرِينَ ﴿١٧٢﴾

172. പിന്നീടു മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു.

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَسَاءَ مَطَرُ الْمُنذَرِينَ ﴿١٧٣﴾

173. അവരുടെ മേൽ നാം ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു. താക്കീതു നൽകപ്പെട്ടവർക്ക് ലഭിച്ച ആ മഴ എത്ര മോശം!

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٧٤﴾

174. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٧٥﴾

175. തീർച്ചയായും നിന്റെ രക്ഷിതാവുതന്നെയാണ് പ്രതാപിയും കരുണാനിധിയും.

*168-175). അവരെ പാപത്തിൽ ഉറച്ചുനിൽക്കുന്നവരായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: (തീർച്ചയായും ഞാൻ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവരുടെ കൂട്ടത്തിലാകുന്നു) ഞാൻ അവരുടെ പ്രവൃത്തിയെ തീർത്തും വെറുക്കുന്നു. അവരെ വിലക്കുകയും അവർക്കെതിരെ മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു. (എന്റെ രക്ഷിതാവേ, എന്നെയും എന്റെ കുടുംബത്തെയും ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന് നീ രക്ഷപ്പെടുത്തേണമേ) അങ്ങനെ അവരുടെ പ്രവർത്തനങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥനയ്ക്ക് ഉത്തരം നൽകി. (അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും മുഴുവൻ നാം രക്ഷപ്പെടുത്തി. പിൻമാറി നിന്നവരിൽ ഒരു കിഴവി ഒഴികെ) അവൾ ശിക്ഷിക്കപ്പെട്ടവരിൽ ഒരാളായിരുന്നു. അവൾ അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. (പിന്നീട് മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു. അവരുടെ മേൽ നാം ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു) ചൂടുവെക്കപ്പെട്ട കല്ലുമഴ. (താക്കീതു നൽകപ്പെട്ടവർക്കു ലഭിച്ച ആ മഴ എത്ര മോശം!) അവരിൽ അവസാനത്തെ ആളെയും അല്ലാഹു നശിപ്പിച്ചു. (തീർച്ചയായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല). (തീർച്ചയായും നിന്റെ രക്ഷിതാവുതന്നെയാണ് പ്രതാപിയും കരുണാനിധിയും).*

176. ഐക്കത്തിൽ (മരക്കൂട്ടങ്ങൾക്കിടയിൽ) താമസിച്ചിരുന്നവരും ദൈവദൂതൻമാരെ നിഷേധിച്ചു തള്ളി.

177. അവരോട് ശുഐബ് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

178. തീർച്ചയായും ഞാൻ നിങ്ങൾക്കു വിശ്വസ്തനായ ഒരു ദൂതനാകുന്നു.

179. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

180. ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോടു ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽ നിന്നു മാത്രമാകുന്നു.

كَذَّبَ أَصْحَابُ الْأَيْكَةِ الْمُرْسَلِينَ ١٧٦

إِذْ قَالَ لَهُمْ شُعَيْبٌ أَلَا تَتَّقُونَ ١٧٧

إِنِّي لَكُمْ رَسُولٌ أَمِينٌ ١٧٨

فَاتَّقُوا اللَّهَ وَأَطِيعُونِ ١٧٩

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ
إِلَّا عَلَىٰ رَبِّ الْعَالَمِينَ ١٨٠ ۞

*176-180). മരക്കൂട്ടത്തിന്റെ ആളുകൾ എന്നതിൽ 'മരക്കൂട്ടം' എന്നതിന്റെ ഉദ്ദേശ്യം മരക്കൊമ്പുകൾ ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളാണ്. അവർ മദ്‌യൻകാരാണ്. എല്ലാ പ്രവാചകന്മാരും പറഞ്ഞ അതേ ആശയം പറഞ്ഞ ശുഐബ് നബി(അ)യെ അവർ കളവാക്കി. (അവരോട് ശുഹൈബ് പറഞ്ഞ സന്ദർഭം. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?) അതായത്, അവന്റെ കോപത്തിനു കാരണമാകുന്നതും അവൻ വെറുക്കുന്നതുമായ അവിശ്വാസവും പാപവും ഉപേക്ഷിക്കുകയില്ലേ? (തീർച്ചയായും ഞാൻ നിങ്ങൾക്കു വിശ്വസ്തനായ ഒരു ദൂതനാകുന്നു) അതിനാൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും എന്നെ അനുസരിക്കുകയും വേണം.*

---

181. നിങ്ങൾ അളവു പൂർത്തിയാക്കിക്കൊടുക്കുക. നിങ്ങൾ (ജനങ്ങൾക്ക്) നഷ്ടമുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകരുത്.

182. കൃത്രിമമില്ലാത്ത തുലാസു കൊണ്ടു നിങ്ങൾ തൂക്കുക.

183. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മി വരുത്തരുത്. നാശകാരികളായിക്കൊണ്ടു നിങ്ങൾ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കരുത്.

184. നിങ്ങളെയും പൂർവതലമുറകളെയും സൃഷ്ടിച്ചവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

أَوْفُوا الْكَيْلَ وَلَا تَكُونُوا مِنَ الْمُخْسِرِينَ
١٨١

وَزِنُوا بِالْقِسْطَاسِ الْمُسْتَقِيمِ ١٨٢

وَلَا تَبْخَسُوا النَّاسَ أَشْيَاءَهُمْ وَلَا تَعْثَوْا
فِي الْأَرْضِ مُفْسِدِينَ ١٨٣

وَاتَّقُوا الَّذِي خَلَقَكُمْ وَالْجِبِلَّةَ الْأَوَّلِينَ ١٨٤

*181-184). അവരുടെ ബഹുദൈവത്വത്തിന് പുറമെ അളവിലും തൂക്കത്തിലും അവർ കുറവു വരുത്തി. അതിനാൽ അദ്ദേഹം അവരോടു പറഞ്ഞു: (നിങ്ങൾ അളവു പൂർത്തിയാക്കിക്കൊടുക്കുക) അതായത് പൂർണമായി നൽകുക. (നിങ്ങൾ നഷ്ടമുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകരുത്)*

*ആളുകളുടെ സമ്പത്ത് കവർന്നെടുക്കുന്നവരുടെ കൂട്ടത്തിൽ ആകരുത്. (കൃത്രിമമില്ലാത്ത തുലാസുകൊണ്ട് നിങ്ങൾ തൂക്കുക) വ്യത്യാസം വരാത്ത ശരിയായ തുലാസുകൊണ്ട്. (നിങ്ങളെയും പൂർവ തലമുറകളെയും സൃഷ്ടിച്ചവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക) നിങ്ങളെ സൃഷ്ടിച്ചതും നിങ്ങളുടെ മുമ്പുള്ളവരെ സൃഷ്ടിച്ചതും ആരോ അവനെ ഭയപ്പെടുക. അത് അല്ലാഹു മാത്രമായതിനാലും അതിൽ മറ്റാരും ഒരു പങ്കും വഹിക്കാത്തതിനാലും ആരാധനയിലും ഏകത്വത്തിലും അല്ലാഹുവിനെ മാത്രമാക്കുക. അവൻ നിങ്ങളെ സൃഷ്ടിച്ച് അനുഗ്രഹിച്ചതുപോലെ അവനോട് നന്ദിയോടെ പ്രതികരിക്കണം.*



# പാറ്റകൾ പഠിപ്പിച്ച പാഠം

സിനി ടി. കെ, മണ്ണാർക്കാട്

"ചെറുതെന്നാൽ ചെറുതല്ല,
ചേർന്നുനിന്നാൽ കരുത്താകും.
ഒറ്റച്ചുവട് മാഞ്ഞുപോകും,
ഒരുമിച്ചാൽ ചരിത്രമാകും."

പാറ്റകളുടെ തുടക്കം:
"ഒരു ചോദ്യം,
ഒരു സ്വപ്നം,
ഒരു പ്രതീക്ഷ...
അതിനൊപ്പം മിടിക്കുന്ന
ഒരായിരം ഹൃദയങ്ങൾ."

പാറ്റകളുടെ ഇച്ഛാശക്തി:
"കാറ്റടിച്ചാൽ തളരില്ല,
മഴപെയ്താൽ നിൽക്കില്ല.
വീണുപോയാൽ എഴുന്നേറ്റു
വീണ്ടും വീണ്ടും നടന്നിടും."

പാറ്റകളുടെ ആഹ്വാനം:
"നീതിക്കായി കൈകോർക്കാം,
നന്മയ്ക്കായി ശബ്ദമാകാം,
സമാധാനത്തിൻ വഴിയിലൂടെ
പ്രതീക്ഷകൾ വിതച്ചിടാം."

പാറ്റകൾ കാണിച്ചുതന്നത്:
"വിദ്വേഷമല്ല,
വിശ്വാസമാണ് വളർത്തേണ്ടത്.
അക്രമമല്ല,
സമാധാനമാണ് വേണ്ടത്."

പാറ്റകളുടെ കാഴ്ചപ്പാട്:
"നാളെയെന്നത് നമ്മുടെതാണ്,
നാട്ടിൻ ഭാവി യുവതയാണ്,
സ്വപ്നങ്ങൾക്കു ചിറകേകാൻ
സ്നേഹമെന്ന വഴിയാകാം."

പാറ്റകൾ പഠിപ്പിച്ച പാഠം:
"ലക്ഷ്യത്തിൽ പ്രതീക്ഷിക്കുക,
ഐകമത്യം മഹാബലം."



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 05 September 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

To the **Right Goal**
Through the **Right Path**

wisdomstudents

30th

WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



2026
**SEPTEMBER**
**11 12 13**

# PALAKKAD

WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT